VOL NO: 08 I ISSUE 11
2024 MARCH 16 I ₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com



കഠിനമായ ചൂടിനോടൊപ്പം അതിശക്തമായ രാഷ്ട്രീയച്ചൂടിന്റെ കൂടി അകമ്പടിയോടെയാണ് ഇപ്രാവശ്യം നാട്ടിൽ റമദാൻ കടന്നുവന്നിരിക്കുന്നത്. അന്നപാനീയ ഭോഗാസക്തി നിയന്ത്രണങ്ങളെക്കാൾ മറ്റു മാനുഷികവികാരങ്ങളെ നിയന്ത്രിക്കാനായിരിക്കും ഏറെ പാടുപെടുക എന്ന് സാരം. മനസ്സിനകത്തും രാജ്യത്തിനകത്തും നടക്കുന്ന സംഘർഷങ്ങളെ വിവേകപൂർവം സമീപിക്കുന്നവർക്ക് മാത്രമെ നോമ്പ് സാർഥകമാവൂ എന്ന യാഥാർഥ്യം മനസ്സിനെ ബോധ്യപ്പെടുത്തുക.

## വിശുദ്ധ റമദാൻ: ആത്മീയ നിർവൃതിയുടെ രാപകലുകൾ

### നാവിനുമുണ്ട് നോമ്പ്

|| റമദാനിലെ ഗ്രീൻ പ്രോട്ടോകോൾ
|| വ്രതാനുഷ്ഠാനത്തിന്റെ കർമശാസ്ത്രം
|| കച്ചവടച്ചരക്കുകളുടെയും ഉൽപന്നങ്ങളുടെയും സകാത്ത്




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

0373
# നേർപഥം
വാരിക

2024 മാർച്ച് 16
1445 റമദാൻ 06
പുസ്തകം 08 / ലക്കം 11




Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Psrint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**

കവർ സ്റ്റോറി




മെഹബൂബ് മദനി, ഒറ്റപ്പാലം

കഠിനമായ ചൂടിനോടൊപ്പം അതിശക്തമായ രാഷ്ട്രീയച്ചൂടിന്റെ കൂടി അകമ്പടിയോടെയാണ് ഇപ്രാവശ്യം നാട്ടിൽ റമദാൻ കടന്നുവന്നിരിക്കുന്നത്. അന്നപാനീയ ഭോഗാസക്തി നിയന്ത്രണങ്ങളെക്കാൾ മറ്റു മാനുഷികവികാരങ്ങളെ നിയന്ത്രിക്കാനായിരിക്കും ഏറെ പാടുപെടുക എന്ന് സാരം. മനസ്സിനകത്തും രാജ്യത്തിനകത്തും നടക്കുന്ന സംഘർഷങ്ങളെ വിവേകപൂർവം സമീപിക്കുന്നവർക്ക് മാത്രമെ നോമ്പ് സാർഥകമാവൂ എന്ന യാഥാർഥ്യം മനസ്സിനെ ബോധ്യപ്പെടുത്തുക.

05 മുഖമൊഴി
ധർമനിഷ്ഠ കൈവെടിയാതെ ജീവിക്കുക

06 ലേഖനം
മിർസക്ക് വഹ്‌യ് നൽകിയതാര്?
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

18 പഠനം
അന്യായമായ ബിദ്അത്ത് ആരോപണം
ശൈഖ് അബ്ദുൽ മുഹ്സിൻ അബ്ബാദ്
വിവ: ശമീർ മദീനി

23 ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറ:സ്വാദ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

25 ഹദീസ് പാഠം
നാവിനുമുണ്ട് നോമ്പ്
ഉസ്മാൻ പാലക്കാഴി

26 കർമപഥം
കച്ചവടച്ചരക്കുകളുടെയും ഉൽപന്നങ്ങളുടെയും സകാത്ത്
വിവ. അബ്ദുൽ ജബ്ബാർ മദീനി

29 ലേഖനം
ദാനധർമങ്ങളുടെ തണൽ
സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

31 കർമപഥം
വ്രതാനുഷ്ഠാനത്തിന്റെ കർമശാസ്ത്രം
പി.എൻ അബ്ദുല്ലത്വീഫ് മദനി

34 നമുക്കുചുറ്റും
റമദാനിലെ ഗ്രീൻ പ്രോട്ടോകോൾ: മഹല്ലുകൾക്ക് ഒരു മാർഗരേഖ

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly



# ഈദ് കിസ്‌വ

## ‘കുഞ്ഞുടുപ്പിൽ നിറയും നറു പുഞ്ചിരി’

നിങ്ങൾക്ക് എത്ര ജോഡി വസ്ത്രങ്ങളുണ്ട്? നിങ്ങളുടെ വസ്ത്രശേഖരത്തിൽ ആഗ്രഹിച്ചിട്ടും ലഭിക്കാത്ത കളറുകളുണ്ടോ?

എന്നാൽ, എത്രയോ കുരുന്നുകളുടെ സ്വപ്നങ്ങൾക്കുതന്നെ നിറങ്ങളില്ല...!

പെരുന്നാൾ ദിനത്തിൽ പോലും ആശങ്കയിലും നെടുവീർപ്പിലുമായി തളച്ചിടപ്പെട്ട വീടകങ്ങൾ ഉണ്ടെന്നത് ഒരു നഗ്ന സത്യമാണ്!

പുതുവസ്ത്രം ധരിച്ച്, മുന്തിയ വിഭവം കഴിച്ച്, പുത്തൻ കളിപ്പാട്ടങ്ങളുമായി ആർത്തുല്ലസിക്കുന്ന കൂട്ടുകാരെ നോക്കി സങ്കടം കടിച്ചമർത്തി വിതുമ്പുന്ന പിഞ്ചുപൈതങ്ങൾ! അത് കണ്ടുനിൽക്കാനാവാതെ, ആശ്വാസവാക്കുകൾ പോലും നൽകാൻ കഴിയാതെ മനഃപ്രയാസമനുഭവിക്കുന്ന, നിസ്സഹായരായ മാതാപിതാക്കൾ!

അതിശയോക്തി ഒട്ടും കലരാത്ത യാഥാർഥ്യമാണിത്!

സഹതാപത്തിനപ്പുറം സഹായഹസ്തങ്ങളാണാവശ്യം.

പ്രിയ സ്നേഹിതാ,

എന്തു ചെയ്യാൻ സാധിക്കുമെന്നാണോ ചിന്തിക്കുന്നത്?

അർഹരെ കണ്ടെത്തി, അവർക്കൊട്ടും അഭിമാനക്ഷതമേൽക്കാതെ പുതുവസ്ത്രം സ്വയം തെരഞ്ഞെടുക്കാൻ അവസരമൊരുക്കുകയാണ് വിസ്ഡം സ്റ്റുഡന്റ്സിന്റെ ‘ഈദ് കിസ്‌വ’ പദ്ധതി.

പെരുന്നാളിൻ പൊന്നമ്പിളി മാനത്ത് വിരിയുമ്പോൾ, കുരുന്നു മുഖങ്ങളിൽ പാൽപുഞ്ചിരി വിടർത്താൻ ഈ പുണ്യകർമത്തിൽ നമുക്കും പങ്കാളികളാകാം. പാവപ്പെട്ട ഒരു കുട്ടിക്ക് പെരുന്നാൾ പുതുവസ്ത്രം നൽകാൻ ഒരു ഓഹരി നമുക്കും മാറ്റിവെക്കാം..

ഒരു കുട്ടിക്ക് 1300 രൂപ.

പണം അയക്കേണ്ട അക്കൗണ്ട് വിവരങ്ങൾ:

WISDOM ISLAMIC ORGANIZATION EDIFICE

Account number: 921010054119382

Branch Name: Kozhikode

Branch IFSC: UTIB0000136

UPI ID : fcbizfibefc freecharge

ഗൂഗിൾ പേ, ഫോൺ പേ പോലുള്ള UPI ആപ്പുകൾ ഉപയോഗിച്ചു ഈസിയായി പണമയക്കാൻ ഈ ലിങ്ക് ഉപയോഗിക്കാം:

https://guide.wisdomislam.org/#/donations/eid-kiswa

പണമയച്ചു കഴിഞ്ഞാൽ റെസിപ്റ്റ് ലഭിക്കുന്നതിനും കൂടുതൽ വിവരങ്ങൾക്കും ബന്ധപ്പെടുക: +91 75609 02902.



# ധർമനിഷ്ഠ കൈവെടിയാതെ ജീവിക്കുക

ഇസ്‌ലാം ധാർമിക, സദാചാര മൂല്യങ്ങളിൽ അധിഷ്ഠിതമായ മതമാണ്. ഉത്തമമായ എല്ലാ സ്വഭാവ ഗുണങ്ങളും അത് പഠിപ്പിക്കുന്നു. ഇസ്‌ലാം മാനവികമായ എല്ലാ ഗുണങ്ങളെയും ഉൾക്കൊള്ളുന്നു. അമാനവികമായ എല്ലാ ദുർഗുണങ്ങളെയും നിരാകരിക്കുന്നു. മനുഷ്യാവകാശങ്ങളെ അത് മാനിക്കുന്നു. നീതി പാലിക്കുവാനും അക്രമത്തിന്റെ പാത വെടിയുവാനും കൽപിക്കുന്നു.

നാം ജീവിക്കുന്ന സമൂഹത്തിൽ നിരവധി തിന്മകളും അധർമങ്ങളും കണ്ടുവരുന്നു. ദൈവത്തിനുമാത്രം അവകാശപ്പെട്ട ആരാധനകൾ ദൈവേതരർക്ക് അർപ്പിക്കപ്പെടുന്നു. അഴിമതി, അക്രമം, സ്വജനപക്ഷപാതം, ചൂഷണം, പിടിച്ചുപറി, മദ്യപാനം, വ്യഭിചാരം... തുടങ്ങി ദൈവവും ദൈവദൂതനും വിലക്കിയ പലതും ഇവിടെ അരങ്ങുതകർക്കുന്നതായി നാം കാണുന്നു. ഇവയൊക്കെ അക്രമവും അധർമവുമാണെന്നറിഞ്ഞിട്ടും അവയ്ക്കെതിരെ പ്രതികരിക്കാതിരിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നത് ഞാൻ അതിലൊന്നിലും പങ്കു ചേരുന്നില്ലല്ലോ എന്ന ചിന്തയാണ്.

നമ്മെയും നേരിട്ട് ബാധിക്കാത്ത തെറ്റ്, ചെയ്യുന്ന വ്യക്തിയിൽ മാത്രം ഒതുങ്ങിനിൽക്കുമെന്ന് നാം കണക്കു കൂട്ടുന്നു. എന്നാൽ വസ്തുത അങ്ങനെയല്ല. അല്ലാഹു പറയുന്നു: “ഒരു പരീക്ഷണം (ശിക്ഷ) വരുന്നത് നിങ്ങൾ സൂക്ഷിച്ചുകൊള്ളുക. അത് ബാധിക്കുന്നത് നിങ്ങളിൽനിന്നുള്ള അക്രമികൾക്ക് പ്രത്യേകമായിട്ടാവുകയില്ല. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്ന് നിങ്ങൾ മനസ്സിലാക്കുകയും ചെയ്യുക” (ക്വുർആൻ 8:25).

വിശ്വാസം ഒരുവഴിക്കും ജീവിതം മറ്റൊരു വഴിക്കും എന്നല്ല ഇസ്‌ലാം പഠിപ്പിക്കുന്നത്. മറിച്ച് സത്യവിശ്വാസത്തിന്റെ സ്വാഭാവിക ഉൽപന്നമായ ധാർമികതയുടെ പാതയിലൂടെയാണ് ജീവിതം നയിക്കേണ്ടത്.

പ്രാർഥനയും സ്വഭാവ നൈർമല്യവും തമ്മിൽ ബന്ധപ്പെടുത്തിക്കൊണ്ട് അല്ലാഹു പറയുന്നു: “താഴ്മയോടുകൂടിയും രഹസ്യമായിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പ്രാർഥിക്കുക. പരിധി വിട്ട് പോകുന്നവരെ അല്ലാഹു ഇഷ്ടപ്പെടുക തന്നെയില്ല. ഭൂമിയിൽ നന്മ വരുത്തിയതിനു ശേഷം നിങ്ങൾ അവിടെ നാശമുണ്ടാക്കരുത്. ഭയപ്പാടോടു കൂടിയും പ്രതീക്ഷയോടുകൂടിയും നിങ്ങൾ അവനെ വിളിച്ചു പ്രാർഥിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹുവിന്റെ കാരുണ്യം സൽകർമകാരികൾക്ക് സമീപസ്ഥമാകുന്നു” (ക്വുർആൻ 7:55,56).

വിശ്വാസ ഭംഗത്തിന്റെയും അധാർമികതയുടെയും വിവിധ വശങ്ങൾ പ്രതിപാദിച്ചുകൊണ്ട് അല്ലാഹു പറയുന്നു: “അന്യായമായി നിങ്ങൾ അന്യോന്യം സ്വത്തുക്കൾ തിന്നരുത്. അറിഞ്ഞുകൊണ്ടു തന്നെ, ആളുകളുടെ സ്വത്തുക്കളിൽനിന്ന് വല്ലതും അധാർമികമായി നേടിയെടുത്തു തിന്നുവാൻ വേണ്ടി നിങ്ങളതുമായി വിധികർത്താക്കളെ സമീപിക്കുകയും ചെയ്യരുത്” (2:188).

“വിശ്വസിച്ചേൽപിക്കപ്പെട്ട സ്വത്തുക്കൾ അവയുടെ അവകാശികൾക്ക് നിങ്ങൾ കൊടുത്തു വീട്ടണമെന്നും ജനങ്ങൾക്കിടയിൽ നിങ്ങൾ തീർപ്പുകൽപിക്കുകയാണെങ്കിൽ നീതിയോടെ തീർപ്പുകൽ പിക്കണമെന്നും അല്ലാഹു നിങ്ങളോട് കൽപിക്കുന്നു. എത്രയോ നല്ല ഉപദേശമാണ് അവൻ നിങ്ങൾക്ക് നൽകുന്നത്...” (4:58).

കച്ചവടരംഗത്ത് പാലിക്കേണ്ട ധാർമികതയെക്കുറിച്ച് അല്ലാഹു ഉണർത്തുന്നു: “നിങ്ങൾ അളവു പൂർത്തി യാക്കികൊടുക്കുക. നിങ്ങൾ (ജനങ്ങൾക്ക്) നഷ്ടമുണ്ടാക്കുന്നവരുടെ കൂട്ടത്തിലാകരുത്. കൃത്രിമമില്ലാത്ത തുലാസുകൊണ്ട് നിങ്ങൾ തൂക്കുക. ജനങ്ങൾക്ക് അവരുടെ സാധനങ്ങളിൽ നിങ്ങൾ കമ്മിവരുത്തരുത്. നാശകാരികളായിക്കൊണ്ട് നിങ്ങൾ ഭൂമിയിൽ അതിക്രമം പ്രവർത്തിക്കരുത്” (26:181-183).

ഇത്തരത്തിൽ ജീവിതത്തിൽ പാലിക്കേണ്ടതായ ഒരുപാട് ഉദാത്ത മൂല്യങ്ങൾ ഇസ്‌ലാം അനുശാസിക്കുന്നുണ്ട്. അതെല്ലാം പ്രാവർത്തികമാക്കിക്കൊണ്ട് റമദാനിലെ നോമ്പിന്റെ സമ്പൂർണമായ പ്രതിഫലം നേടിയെടുക്കുവാൻ നമുക്ക് കഴിയേണ്ടതുണ്ട്. ■

പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ
9447 701 741

ഖാദിയാനി വേദപുസ്തകം 'തദ്കിറ'യിലൂടെ ഒരു യാത്ര 52

# മിർസക്ക് വഹ്‌യ് നൽകിയതാര്?

ഒരു ഭാഗത്ത് 'മൂത്തമ്മ വന്നു' എന്ന വഹ്‌യിന് സാക്ഷാത്കാരമാകുമ്പോൾ മറുവശത്ത് 'തേവിടിശ്ശി വീണുകിടക്കുന്നു' എന്ന ദർശനത്തിന്റെ മായ്ക്കാനാവാത്ത കളങ്കമായി മാറുന്നു ഈ ബൈഅത്ത്! ആ സ്ത്രീ വിശ്വസിച്ചു വിശുദ്ധയാകുമ്പോൾ പ്രവാചകന്റെ വെളിപാടാണല്ലോ അശുദ്ധമാകുന്നത്. ഇതൊക്കെ മാനവസമൂഹത്തിന് നൽകുന്ന പാഠമെന്ത്? ഇതൊക്കെയാണ് ഉത്തരം തേടുന്ന ചോദ്യങ്ങൾ.



## അബൂലഹബിന്റെ സദൃശ ശത്രു!

മുഹമ്മദ് നബി(സ്വ)യുടെ കൊടിയശത്രുക്കളായ ദമ്പതികളെ പരാമർശിക്കുന്ന ഒരു അധ്യായം വിശുദ്ധ ക്വുർആനിലുണ്ട്:

"അബൂലഹബിന്റെ ഇരുകൈകളും നശിച്ചിരിക്കുന്നു. അവൻ നാശമടയുകയും ചെയ്തിരിക്കുന്നു. അവന്റെ ധനമോ അവൻ സമ്പാദിച്ചുവെച്ചതോ അവന് ഉപകാരപ്പെട്ടില്ല. തീജ്വാലകളുള്ള നരകാഗ്നിയിൽ അവൻ പ്രവേശിക്കുന്നതാണ്. വിറകുചുമട്ടുകാരിയായ അവന്റെ ഭാര്യയും. അവളുടെ കഴുത്തിൽ ഈന്തപ്പനനാരുകൊണ്ടുള്ള ഒരു കയറുണ്ടായിരിക്കും" (111:15).

പ്രവാചകനോടുള്ള ശത്രുതയിലും ദുഷ്ചെയ്തികളിലും ഏറ്റവും മുമ്പിലായിരുന്നു അബൂലഹബ്, ഉമ്മു ജമീൽ എന്നീ ചെല്ലപ്പേരുകളിൽ അറിയപ്പെട്ടിരുന്ന അബ്ദുൽ ഉസ്സയും ഭാര്യ അർവയും. അവർക്ക് വേണമെങ്കിൽ ഖുർആന്റെ ഈ പരാമർശത്തെ വെല്ലുവിളിച്ചുകൊണ്ട് മുനാഫിഖുകളെപ്പോലെ ബാഹ്യമായി പ്രവാചകനിൽ വിശ്വാസം പ്രഖ്യാപിക്കുകയും അങ്ങനെ ഖുർആനെ ലോകത്തിനു മുമ്പിൽ ഇകഴ്ത്തുകയും ചെയ്യാമായിരുന്നു. നഊദു ബില്ലാഹ്. എന്നാൽ എന്തുകൊണ്ടത് സംഭവിച്ചില്ല? ഖുർആന്റെ സംരക്ഷണവും വിശുദ്ധിയും മഹത്ത്വവുമൊക്കെ അല്ലാഹു ഏറ്റെടുത്തിരിക്കുന്നു എന്നതിനാൽ തന്നെ!

ഖാദിയാനി പ്രവാചകന്റെ കാര്യത്തിൽ സംഭവിച്ചതോ? ശത്രുക്കളിൽ പ്രമുഖനായ, ഏറ്റവുമടുത്ത കുടുംബക്കാരനും ബന്ധുവും അയൽവാസിയും നാടുപേക്ഷിച്ച് ഹിജ്റ പോയാലോ എന്നു പോലും ചിന്തിക്കാൻ മാത്രം ഗുരുതരഭീഷണിയുമായ ഒരാളുടെ ഭാര്യയെക്കുറിച്ചാണ് വെളിപാടുണ്ടായത്, നിന്ദ്യയായ വേശ്യ എന്ന്!

'തദ്കിറ'യിൽ ഇത് ഉൾപ്പെടുത്തിയ ശേഷമാണ് ചിലർക്ക് ബോധോദയമുണ്ടായത്, ഇതിൽ പറയപ്പെട്ടവളും മകളും ഒക്കെ ഇപ്പോൾ നമുക്കൊപ്പമാണല്ലോ, എങ്കിൽ പുതിയ പതിപ്പിൽ അത് ഒഴിവാക്കാമെന്ന്. അനുയായികൾക്കും എതിരാളികൾക്കും ഈ പുസ്തകം അപ്രാപ്യമായിരിക്കെ കൂട്ടുകയോ കുറക്കുകയോ ചെയ്താൽ കുഴപ്പമില്ലെന്നും അക്കാര്യം ചർച്ചയാകില്ലെന്നും കരുതിക്കാണും.  ഏതായാലും ഖാദിയാനി വഹ്യുകൾ നേതൃത്വത്തിന്റെ താൽപര്യങ്ങൾക്കനുസരിച്ച് ചേർക്കാനും ഒഴിവാക്കാനും പറ്റുമെന്നത് ഒരു യാഥാർഥ്യമാണ്. ഈ 'മൂത്തമ്മ' ബൈഅത്ത് ചെയ്തത് 93ാം വയസ്സിലാണ്. നിരാശ്രയയും നിരാലംബയുമായ ഒരു പടുകിഴവിക്ക് സംരക്ഷണം നൽകാനുള്ള ഉപാധിയായിരുന്നു ബൈഅത്ത്.

> . ഇൽഹാമിലൂടെ ലഭിച്ച മരുന്നുകൾ ഉപയോഗിച്ചും പ്രാർഥിച്ചും തന്റെയും മറ്റു പലരുടെയും മാരകരോഗങ്ങൾ സുഖപ്പെട്ടു എന്നും മരണം കാത്തുനിന്ന രോഗികൾപോലും എഴുന്നേറ്റു നടന്നുവെന്നും അവകാശപ്പെടുന്നുണ്ട്. രോഗം ഉണ്ടായെന്നും സുഖമായി എന്നും പറയുന്നത് അദ്ദേഹം തന്നെയാണ്. അവ പ്രവാചകത്വത്തിന് തെളിവായി സമർപ്പിക്കുമ്പോൾ സത്യമായിരുന്നോ കളവായിരുന്നോ എന്നറിയാൻ ആ കാലശേഷം ഏതായാലും ഒരു മാർഗവുമില്ല. എന്നിരിക്കെ അവ തെളിവായി സ്വീകരിക്കാൻ എങ്ങനെ കഴിയും?

ഒരു ഭാഗത്ത് 'മൂത്തമ്മ വന്നു' എന്ന വഹ്യിന് സാക്ഷാത്കാരമാകുമ്പോൾ മറുവശത്ത് 'തേവിടിശ്ശി വീണുകിടക്കുന്നു' എന്ന ദർശനത്തിന്റെ മായ്ക്കാനാവാത്ത കളങ്കമായി മാറുന്നു ഈ ബൈഅത്ത്! ആ സ്ത്രീ വിശ്വസിച്ചു വിശുദ്ധയാകുമ്പോൾ പ്രവാചകന്റെ വെളിപാടാണല്ലോ അശുദ്ധമാകുന്നത്. ഇതൊക്കെ മാനവസമൂഹത്തിന് നൽകുന്ന പാഠമെന്ത്? ഇതൊക്കെയാണ് ഉത്തരം തേടുന്ന ചോദ്യങ്ങൾ.

## 'വഹ്യുകൾ' സാർവകാലികമല്ല

അന്ത്യപ്രവാചകന് ലഭിച്ച സാർവകാലികഗ്രന്ഥമാണ് നമ്മുടെ മുമ്പിലുള്ളത്. എന്നാൽ മിർസാ ഖാദിയാനിയുടെ വഹ്യുകൾ പരിശോധിക്കുമ്പോൾ, അക്കാലത്തെ സത്യാന്വേഷികളെ പോലും തൃപ്തിപ്പെടുത്താൻ പറ്റിയതായിരുന്നില്ല എന്നാണ് മനസ്സിലാക്കാൻ കഴിയുക. ഇൽഹാമിലൂടെ ലഭിച്ച മരുന്നുകൾ ഉപയോഗിച്ചും പ്രാർഥിച്ചും തന്റെയും മറ്റു പലരുടെയും മാരകരോഗങ്ങൾ സുഖപ്പെട്ടു എന്നും മരണം കാത്തുനിന്ന രോഗികൾപോലും എഴുന്നേറ്റു നടന്നുവെന്നും അവകാശപ്പെടുന്നുണ്ട്. രോഗം ഉണ്ടായെന്നും സുഖമായി എന്നും പറയുന്നത് അദ്ദേഹം തന്നെയാണ്. അവ പ്രവാചകത്വത്തിന് തെളിവായി സമർപ്പിക്കുമ്പോൾ

സത്യമായിരുന്നോ കളവായിരുന്നോ എന്നറിയാൻ ആ കാലശേഷം ഏതായാലും ഒരു മാർഗവുമില്ല. എന്നിരിക്കെ അവ തെളിവായി സ്വീകരിക്കാൻ എങ്ങനെ കഴിയും?

അതുതന്നെയാണ് മുൻകൂട്ടി വിവരം അറിയിച്ചുകൊണ്ട് മണിയോർഡറായും അല്ലാതെയും ലഭിച്ച സാമ്പത്തിക സഹായത്തിന്റെയും അവസ്ഥ. അതൊന്നും സത്യസംഭവമാണെന്ന് തെളിയിക്കാനാവില്ല. 'തിരിയാഖുൽ ഖുലൂബ്,' 'ഹഖീഖതുൽ വഹ്‌യ്' തുടങ്ങിയ ഗ്രന്ഥങ്ങളിൽ തന്റെ അടയാളങ്ങളായി ഇവ നമ്പറിട്ടു കൊടുത്തപ്പോൾ സമകാലികരായ ആളുകളുടെ ചോദ്യത്തിന് കൊടുത്ത മറുപടി, ഖാദിയാനിലെ പോസ്റ്റ് ഓഫീസ് രജിസ്റ്റർ പരിശോധിച്ച് ഉറപ്പുവരുത്തണമെന്നാണ്. ഇപ്പോൾ ഒരു നൂറ്റാണ്ടിനുശേഷം, 1880 മുതൽ 1908 വരെയുള്ള രജിസ്റ്റർ പരിശോധിച്ചും മുഹമ്മദ് ബീഗത്തിന്റെ ബന്ധുവിൽനിന്ന് ലഭിച്ച സ്വത്തിന്റെ കാര്യം രജിസ്റ്റർ ഓഫീസിൽ ചെന്ന് അതിന്റെ രേഖ പരിശോധിച്ചും ഉറപ്പുവരുത്തിയശേഷം വിശ്വസിച്ചാൽ മതിയോ ഈ പ്രവാചകനെ? ലോകാവസാനം വരെ നിലനിൽക്കുന്ന ഒരു പ്രവാചകത്വമല്ല തന്റേതെന്നും താൻ വ്യാജനാണെന്നും സ്വയം സമ്മതിക്കുകയാണ് ഇത്തരം വാദങ്ങളിലൂടെ മിർസാ ഖാദിയാനി.

### അനുയായികളെ നഷ്ടപ്പെടുത്തിയ വഹ്‌യുകൾ

പിന്നീട് പരിശോധിച്ചത് വിവിധഭാഷകളിൽ അവതരിച്ച വഹ്‌യുകളാണ്. അവയാകട്ടെ മിർസയെ വിഷമിപ്പിക്കാനും സ്വന്തം അനുയായികളെ നഷ്ടപ്പെടാനും മാത്രമെ ഉപകരിച്ചുള്ളൂ. വഹ്‌യുകൾ പ്രകാരം നടത്തിയ ചില പ്രവചനങ്ങളുടെ കാര്യവും നാം പരിശോധിച്ചു. സമയം നിർണയിച്ചു പറഞ്ഞ ഒരു പ്രവചനം പോലും പുലർന്നിട്ടില്ല എന്നത് ഒരു യാഥാർഥ്യമാണ്. എങ്ങനെ വ്യാഖ്യാനിച്ചാലും പുലരാത്ത ഒത്തിരി പ്രവചനങ്ങൾ മിർസയെ നിഷേധിക്കാനുള്ള ന്യായമായി ബാക്കിയുണ്ടാവും.

'ആശയം മനസ്സിലായില്ല,' 'ആരെപ്പറ്റിയാണെന്ന് വ്യക്തമായിട്ടില്ല,' 'പകുതിയെ കേട്ടുള്ളൂ,' 'ഏതു ഭാഷയാണ് എന്നറിയില്ല'... ഇങ്ങനെയൊക്കെ പറഞ്ഞുകൊണ്ട് സമർപ്പിച്ച കുറേ വഹ്‌യുകളാണ് തുടർന്ന് നാം പരിശോധിച്ചത്. അത്തരം വഹ്‌യുകളും ദർശനങ്ങളും ഇനിയുമുണ്ട് വളരെയേറെ. ചില ഉദാഹരണ ങ്ങൾ മാത്രം നൽകിയത് ഈ ലേഖനപരമ്പരയുടെ വൃഥാസ്ഥൂലത ഒഴിവാക്കുവാനാണ്.

ഈ പറഞ്ഞതൊക്കെ മിർസാ ഖാദിയാനി സമർപ്പിച്ചവ തന്നെയാണോ, ഇതൊക്കെ അറിയാതെയാവുമോ കുറെ പേരെങ്കിലും ഈ പ്രവാചകനിൽ വിശ്വസിക്കുന്നത് എന്നൊക്കെ നിങ്ങൾക്കു തോന്നിയേക്കാം. മിർസയുടെ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാത്തതിനും ആവശ്യക്കാർക്ക് കൊടുക്കാത്തതിനുമുള്ള കാരണം ഇതു തന്നെയാണ്. 'തദ്കിറ' ലഭ്യമായിരുന്നെങ്കിൽ ഈ ചോദ്യങ്ങൾ ഉൽഭവിക്കുമായിരുന്നില്ല. വിവിധ



> ‘തദ്കിറ’യിൽ പറഞ്ഞപോലെ ചില സ്വപ്നദർശനങ്ങളും കശ്ഫുകളും ഉണ്ടാവുന്നു. പിന്നെ വാചികമായ വഹ്‌യുകൾ ലഭിക്കുന്നു. ഏതാണ് ആദ്യം ലഭിച്ചതെന്ന കാര്യത്തിൽ പോലും ഉറപ്പില്ലാതെ നിസ്സംഗമായ ഒരു അവസ്ഥയിലാണ് കാര്യങ്ങൾ. പിതാവിന്റെ മരണ ദിവസം ഉണ്ടായ ‘വസ്സമാഇ വത്ത്വാരിഖാ’ണോ, അവതരിച്ച തീയതിപോലും ഓർമയിലില്ലാത്ത ‘രാജാക്കന്മാർ വസ്ത്രാഞ്ചലത്തിൽ നിന്ന് അനുഗ്രഹം തേടു’മെന്ന ഉർദു വചനമാണോ ആദ്യത്തേതെന്ന ഭിന്നാഭിപ്രായം അനുയായികളെ അലോസരപ്പെടുത്താതെ മുമ്പോട്ടു പോകുന്നു.

ഭാഷകളിലേക്ക് അത് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചിരുന്നുവെങ്കിൽ ഖാദിയാനി പ്രവാചക നിൽ വിശ്വസിക്കുന്നവരുടെ പൊടിപോലും കാണാൻ പറ്റുമായിരുന്നില്ല.

**അവതരണത്തിന്റെ മൂന്ന് ഘട്ടങ്ങൾ**

‘ആദ്യത്തെ വഹ്‌യ്’ ഏതെന്ന കാര്യത്തിലുള്ള ഭിന്നാഭിപ്രായം മാറ്റിവെച്ചാലും, എന്നാണ് വഹ്‌യിന്റെ തുടക്കമെന്ന് ‘തദ്കിറ’യിൽനിന്ന് കണ്ടെത്താനാവില്ല. എന്നാൽ മിർസാ ഗുലാം അഹ്മദ് ഖാദിയാനിക്ക് മൂന്ന് ഘട്ടങ്ങളിലായാണ് വഹ്‌യുകൾ അവതരിപ്പിച്ചിട്ടുള്ളതെന്ന് അതിൽ അവകാശപ്പെടുന്നത് കാണാനാവും.

1890 വരെയാണ് ആദ്യഘട്ടം. അന്ന് ദൈവികഭാഷണം നടത്തുന്ന മുഹദ്ദസും പ്രാർഥന സ്വീകരിക്കപ്പെടുന്ന വലിയ്യുമാണെന്ന് മാത്രമായിരുന്നു വാദം. ഇതിന്റെ അവസാനത്തിലെത്തിയപ്പോൾ ഒരു നവോത്ഥാന നായകന്റെ വേഷത്തിൽ പ്രത്യക്ഷപ്പെട്ടു. എന്നാൽ മറ്റു മുജദ്ദിദുമാരിൽനിന്ന് വ്യത്യസ്തനായി അദ്ദേഹം ‘ദൈവിക വെളിപാടുകൾ’ അനുസരിച്ചാണെന്നു പറഞ്ഞ് ചില പ്രവചനങ്ങൾ നടത്തിയിരുന്നു. ആകാശവിവാഹവും വാഗ്ദത്തപുത്രന്റെ ജനനവുമൊക്കെ അതിൽ പെട്ട പരാജയസാക്ഷ്യങ്ങളായിരുന്നു. അല്ലാഹു നിയോഗിച്ച പ്രവാചകന്മാരിലൊന്നും നമുക്കിതിന് മാതൃക കാണാനാവില്ല.

പണ്ടൊക്കെ പ്രവാചകൻമാരെ നിയോഗിച്ചിരുന്നത് ഒരു പ്രത്യേക സമയത്തായിരുന്നു. അതിനുമുമ്പ് അങ്ങനെയൊരു ഒരു സൂചന പോലും അവർക്ക് ലഭിച്ചിരുന്നില്ല. മുഹമ്മദ് നബി ഹിറാ ഗുഹയിൽ ഏകനായി ദൈവസ്മരണയിൽ മുഴുകിയിരിക്കെ ജിബ്‌രീൽ പ്രത്യക്ഷപ്പെട്ട് ആദ്യത്തെ വഹ്‌യ് നൽകുകയായിരുന്നു. അത് അപ്രതീക്ഷിതമായിരുന്നതിനാലാണ് അദ്ദേഹം ഭയപ്പെട്ടതും വീട്ടിലേക്ക് ഓടിയണഞ്ഞതും. തുടർന്ന് വിവിധ സന്ദർഭങ്ങളിലായി അദ്ദേഹത്തിന് ഖുർആൻ അവതരിക്കുകയായിരുന്നു.

കുടുംബത്തോടൊപ്പം സ്വന്തം നാട്ടിലേക്ക് പോകുമ്പോഴാണ് സീനാപർവതത്തിൽ വെളിച്ചം കണ്ട്, വഴിയന്വേഷിക്കാനായി ചെന്ന മൂസാ(അ)യോട് അല്ലാഹു നേരിട്ട് സംസാരിച്ചതും പ്രവാചകനായി നിയോഗിച്ചതും. അതിനുമുമ്പും അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്ന വടിതന്നെയാണ് ആ നിമിഷം അമാനുഷികപ്രകടനത്തിനുള്ള മാധ്യമമാക്കി മാറ്റിയത്. ഒരു സൂചനപോലും നേരത്തെ അദ്ദേഹത്തിന് നൽകപ്പെട്ടിരുന്നില്ല. പ്രവാചകന്മാരുടെ സന്താനപരമ്പരയിൽ പ്രവാചകത്വം തുടർന്നപ്പോഴും നിശ്ചിതസമയങ്ങളിൽ ആയിരുന്നു അവരെ ദിവ്യബോധനത്തിലൂടെ നിയോഗവാർത്ത അറിയിച്ചത്.

പഞ്ചാബിലെ കാര്യം ഏറെ വ്യത്യസ്തമാണ്. ‘തദ്കിറ’യിൽ പറഞ്ഞപോലെ ചില സ്വപ്നദർശനങ്ങളും കശ്ഫുകളും ഉണ്ടാവുന്നു. പിന്നെ വാചികമായ വഹ്‌യുകൾ ലഭിക്കുന്നു. ഏതാണ് ആദ്യം ലഭിച്ചതെന്ന കാര്യത്തിൽ പോലും ഉറപ്പില്ലാതെ നിസ്സംഗമായ ഒരു അവസ്ഥയിലാണ് കാര്യങ്ങൾ. പിതാവിന്റെ മരണദിവസം ഉണ്ടായ ‘വസ്സമാഇ വത്ത്വാരിഖാ’ണോ, അവതരിച്ച തീയതിപോലും ഓർമയിലില്ലാത്ത ‘രാജാക്കന്മാർ വസ്ത്രാഞ്ചലത്തിൽ നിന്ന് അനുഗ്രഹം തേടു’മെന്ന ഉർദു വചനമാണോ ആദ്യത്തേതെന്ന ഭിന്നാഭിപ്രായം അനുയായികളെ അലോസരപ്പെടുത്താതെ മുമ്പോട്ടു പോകുന്നു. ■

മെഹബൂബ് മദനി, ഒറ്റപ്പാലം
: 77363 98840

# വിശുദ്ധ റമദാൻ: ആത്മീയ നിർവൃതിയുടെ രാപകലുകൾ

കഠിനമായ ചൂടിനോടൊപ്പം അതിശക്തമായ രാഷ്ട്രീയച്ചൂടിന്റെ കൂടി അകമ്പടിയോടെയാണ് ഇപ്രാവശ്യം നാട്ടിൽ റമദാൻ കടന്നു വന്നിരിക്കുന്നത്. അന്നപാനീയ ഭോഗാസക്തി നിയന്ത്രണങ്ങളെക്കാൾ മറ്റു മാനുഷികവികാരങ്ങളെ നിയന്ത്രിക്കാനായിരിക്കും ഏറെ പാടുപെടുക എന്ന് സാരം. മനസ്സിനകത്തും രാജ്യത്തിനകത്തും നടക്കുന്ന സംഘർഷങ്ങളെ വിവേകപൂർവം സമീപിക്കുന്നവർക്ക് മാത്രമെ നോമ്പ് സാർഥകമാവൂ എന്ന യാഥാർഥ്യം മനസ്സിനെ ബോധ്യപ്പെടുത്തുക.

പരിശുദ്ധ റമദാൻ എത്തിയതോടുകൂടി ആത്മീയ നിർവൃതിയുടെ രാപ്പകലുകളിലേക്ക് വിശ്വാസി സമൂഹം പ്രവേശിച്ചിരിക്കുകയാണ്. മാനവരാശിയുടെ മാർഗദർശക ഗ്രന്ഥമായ വിശുദ്ധ ക്വുർആനിന്റെ അവതരണ മാസത്തെ കാരുണ്യവാനായ അല്ലാഹു വ്രതാനുഷ്ഠാനത്തിനായി തെരഞ്ഞെടുത്തു എന്നത് ഏറെ പ്രസക്തമാണ്. സദാസമയവും തിന്മകളിലേക്ക് പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്ന മനസ്സിന്റെ പൈശാചികതയ്ക്ക് കടിഞ്ഞാണിടാനും തെളിമയാർന്ന വിശ്വാസ പാതയിലൂടെ വിശുദ്ധിയിലേക്ക് തിരിച്ചു നടക്കാനുള്ള അവസരവുമാണ് റമദാൻ സൃഷ്ടിക്കുന്നത്.

ഓരോ വിശ്വാസിയുടെയും നേരെ വരുന്ന തിന്മകളുടെ വേലിയേറ്റങ്ങളെ പ്രതിരോധിക്കാനുള്ള ശക്തമായ പരി



ചയാണ് വ്രതം. വ്രതമാസത്തെ ശരിയായവിധം ഉപയോഗപ്പെടുത്താനായാൽ എത്ര വലിയ തിന്മകളുടെ പ്രളയത്തിൽ അകപ്പെട്ടാലും അതിൽ സമരസപ്പെടാതെ വിശുദ്ധിയോടെ നന്മയുടെ പാതയിൽ ഉറച്ചുനിൽക്കാൻ അത് വിശ്വാസിയെ പ്രാപ്തനാക്കും. അതുതന്നെയാണ് വ്രതം ഒരു പരിചയയാണെന്ന പ്രവാചക വചനത്തിന്റെ പൊരുൾ.

മനുഷ്യരെ സംബന്ധിച്ചിടത്തോളം അന്നപാനീയങ്ങൾ ജീവൻ നിലനിർത്താനുള്ള ഒരു പാധി എന്നതുപോലെ തന്നെ ജീവിതാസ്വാദനത്തിന്റെ ഒരു മേഖല കൂടിയാണ്. വ്യത്യസ്തമായ രുചിയും നിറവും ഗന്ധവുമുള്ള ഭക്ഷണപദാർഥങ്ങളും പാനീയങ്ങളും കയ്യെത്തും ദൂരത്ത് അനുവദനീയമായ നിലയ്ക്കുതന്നെ ഉണ്ടെങ്കിലും റബ്ബിന്റെ പ്രീതി ലക്ഷ്യംവെച്ച് അതിൽനിന്ന് മാറിനിൽക്കുമ്പോൾ അതിലൂടെ ഭക്തിയുടെ നിറവിൽ എത്താൻ വിശ്വാസികൾക്ക് സാധിക്കുന്നു. ജീവൻ നിലനിർത്താൻ അത്യന്താപേക്ഷിതമായ ഭക്ഷണപാനീയങ്ങൾവരെ ദൈവപ്രീതിക്കായി മാറ്റിവെക്കാൻ തയ്യാറായവർക്ക് പകരം റയ്യാൻ എന്ന കവാടത്തിലൂടെ സ്വർഗപ്രവേശനത്തിന് അർഹത നൽകുമെന്നത് റബ്ബിന്റെ പ്രഖ്യാപനമാണ്.

ഭക്തിസാന്ദ്രമായ ജീവിതം തന്നെയാണ് വ്രതാനുഷ്ഠാനത്തിന്റെ അടിസ്ഥാന ലക്ഷ്യം. ഇസ്‌ലാമിലെ

നിർബന്ധ അനുഷ്ഠാന കർമങ്ങളായ നമസ്കാരവും സകാത്തും ഹജ്ജും നിർവഹിക്കുമ്പോൾ അത് നമുക്ക് ചുറ്റും ജീവിക്കുന്നവരറിയുന്നുണ്ട്. എന്നാൽ റമദാനിലെ വ്രതാനുഷ്ഠാനമെന്ന നിർബന്ധ കർമത്തിന് അതിലപ്പുറമുള്ള ഒരു രഹസ്യ സ്വഭാവമുണ്ട്. ഒരാൾ യഥാർഥ നോമ്പുകാരനാണോ എന്നത് അയാൾക്കും സ്രഷ്ടാവിനും മാത്രമെ അറിയാനാകൂ. 'നോമ്പ് എനിക്കാണ്, ഞാനാണ് അതിന് പ്രതിഫലം നൽകുക' എന്ന് അല്ലാഹു പറഞ്ഞതായി നബി(സ്വ) അറിയിച്ചതിന്റെ പൊരുളും നാം ഇതുമായി ചേർത്തു വായിക്കേണ്ടതാണ്.

വിശുദ്ധ മാസത്തിലെ വ്രതാനുഷ്ഠാനത്തിലൂടെ കാരുണ്യവാനായ റബ്ബ് നമ്മിൽനിന്നും ആവശ്യ പ്പെടുന്നത് നാം ഭക്തിയുടെ നിറവിലും ആത്മീയ നിർവൃതിയിലും എത്തുക എന്നതു തന്നെയാണ്.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവരോട് കൽപിച്ചിരുന്നത് പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടിയത്രെ അത്. എണ്ണപ്പെട്ട ഏതാനും ദിവസങ്ങളിൽ മാത്രം. നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്താൽ മറ്റു ദിവസങ്ങളിൽനിന്ന് അത്രയും എണ്ണം (നോമ്പെടുക്കേണ്ടതാണ്). (ഞെരുങ്ങിക്കൊണ്ട് മാത്രം) അതിന്നു സാധിക്കുന്നവർ (പകരം) ഒരു പാവപ്പെ ട്ടവന്നുള്ള ഭക്ഷണം പ്രായശ്ചിത്തമായി നൽകേണ്ടതാണ്. എന്നാൽ ആരെങ്കിലും സ്വയം സന്നദ്ധനായി കൂടുതൽ നന്മ ചെയ്താൽ അതവന്ന് ഗുണകരമാകുന്നു. നിങ്ങൾ കാര്യം ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നതാകുന്നു നിങ്ങൾക്ക് കൂടുതൽ ഉത്തമം" (2:183,184).

വ്രതാനുഷ്ഠാനത്തിലൂടെ തന്റെ അടിമകളെ പ്രയാസപ്പെടുത്താനല്ല അല്ലാഹു ഉദ്ദേശിക്കുന്നത്. മറിച്ച് ആത്യന്തികമായി വ്രതം മനുഷ്യർക്ക് നന്മയും എളുപ്പവും മാത്രമാണ് പ്രദാനം ചെയ്യുന്നത്. നോമ്പുകാർക്കുള്ള ഇളവുകളെ കുറിച്ച് പറയുന്ന ഉപരിസൂചിത വചനത്തിനു ശേഷം അല്ലാഹു ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്:

"ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ക്വുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമദാൻ. അതുകൊണ്ട് നിങ്ങളിൽ ആർ ആ മാസത്തിൽ സന്നിഹിതരാണോ അവർ ആ മാസം വ്രതമനുഷ്ഠിക്കേണ്ടതാണ്. ആരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്താൽ പകരം അത്രയും എണ്ണം (നോമ്പെടുക്കേണ്ടതാണ്). നിങ്ങൾക്ക്

> ഓരോ വിശ്വാസിയുടെയും നേരെ വരുന്ന തിന്മകളുടെ വേലിയേറ്റങ്ങളെ പ്രതിരോധിക്കാനുള്ള ശക്തമായ പരിചയാണ് വ്രതം. വ്രതമാസത്തെ ശരിയായവിധം ഉപയോഗപ്പെടുത്താനായാൽ എത്ര വലിയ തിന്മകളുടെ പ്രളയത്തിൽ അകപ്പെട്ടാലും അതിൽ സമരസപ്പെടാതെ വിശുദ്ധിയോടെ നന്മയുടെ പാതയിൽ ഉറച്ചുനിൽക്കാൻ അത് വിശ്വാസിയെ പ്രാപ്തനാക്കും. അതുതന്നെയാണ് വ്രതം ഒരു പരിചയയാണെന്ന പ്രവാചക വചനത്തിന്റെ പൊരുൾ.

ആശ്വാസം വരുത്താനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. നിങ്ങൾക്ക് ഞെരുക്കം ഉണ്ടാക്കാൻ അവൻ ഉദ്ദേശിക്കുന്നില്ല. നിങ്ങൾ ആ എണ്ണം പൂർത്തിയാക്കുവാനും നിങ്ങൾക്ക് നേർവഴി കാണിച്ചുതന്നതിന്റെ പേരിൽ അല്ലാഹുവിന്റെ മഹത്ത്വം നിങ്ങൾ പ്രകീർത്തിക്കുവാനും നിങ്ങൾ നന്ദിയുള്ളവരായിരിക്കുവാനും വേണ്ടിയത്രെ (ഇങ്ങനെ കൽപിച്ചിട്ടുള്ളത്)" (2:185).

ഇസ്‌ലാമിലെ ഏതൊരു അനുഷ്ഠാനത്തിന്റെ പിന്നിലും അതിന്റെ നിയ്യത്ത് അതിപ്രധാനമാണല്ലോ. വ്രതത്തിന്റെ കാര്യത്തിലും ഇക്കാര്യം പ്രത്യേകം പഠിപ്പിക്കപ്പെട്ടിട്ടുള്ളതാണ്. ചൊല്ലിപ്പറയാനല്ല, മറിച്ച് മനസ്സിന്റെ അടിത്തട്ടിൽനിന്നുള്ള വിചാരവും പ്രതിഫലേച്ഛയുമായിരിക്കണം അതിന്റെ അടിസ്ഥാനം. വ്രതാനുഷ്ഠാനം കൊണ്ട് ഒരുപക്ഷേ ആരോഗ്യരംഗത്ത് ശാരീരികമായ പല നേട്ടങ്ങളും ഉണ്ടായി എന്നിരിക്കാം. പക്ഷേ, നോമ്പുകാരന്റെ നിയ്യത്ത് അതൊന്നുമായിരിക്കരുത്. അങ്ങ

നെയായാൽ അവന്റെ വ്രതം കേവലം പട്ടിണി മാത്ര മായിട്ടേ പരിഗണിക്കപ്പെടുകയുള്ളൂ.

വ്രതാനുഷ്ഠാനത്തിന്റെ ആത്മാവായ ഭക്തി നില നിർത്താൻ ചീത്തവാക്കുകളിൽനിന്നും പ്രവൃത്തിക ളിൽനിന്നും വിട്ടുനിൽക്കൽ നോമ്പുകാരന് അനിവാ ര്യമാണ്. വിശ്വാസികൾ തങ്ങളുടെ പഞ്ചേന്ദ്രിയങ്ങളെ സദാസമയവും തിന്മകളിലേക്ക് വഴുതിപ്പോകാതെ നി ലനിർത്തേണ്ടതാണ്. എന്നാൽ റമദാനിൽ ഇക്കാര്യ ത്തിലുള്ള ജാഗ്രത ഏറ്റവും കൂടിയ രൂപത്തിൽതന്നെ വേണമെന്ന് നബി(സ്വ) നമ്മോട് ആവശ്യപ്പെട്ടിട്ടുള്ള താണ്. ചീത്തവാക്കും പ്രവൃത്തിയും ഒഴിവാക്കാത്തവ ന്റെ പട്ടിണികൊണ്ട് റബ്ബിന് യാതൊരു ആവശ്യവുമി ല്ല എന്നാണ് നബി(സ്വ)യുടെ ഈ വിഷയത്തിലുള്ള അധ്യാപനം.



വിശുദ്ധ റമദാൻകൊണ്ട് ആത്മീയ നിർവൃതിയി ലേക്ക് നമുക്കെത്തണമെങ്കിൽ കഴിഞ്ഞകാല ജീവി തത്തെ കുറിച്ചുള്ള ആത്മവിചാരണയും പരിഹാര പ്രവർത്തനങ്ങളും കൂടി അനിവാര്യമാണ്. കഴിഞ്ഞ റമദാനുശേഷം ഈ റമദാൻ വരെയുള്ള 11 മാസത്തെ ക്കുറിച്ചു പ്രത്യേകമായും, കഴിഞ്ഞകാല ജീവിതത്തെ ക്കുറിച്ചും കൃത്യമായ വിമർശനാത്മകമായുള്ള പരിശോ ധനക്കുള്ള അവസരമാണ് റമദാൻ ഒരുക്കിത്തരുന്നത്. അറിഞ്ഞോ അറിയാതെയോ എത്രയോ പാപങ്ങൾ പറ്റിപ്പോയിട്ടുണ്ടാകും. ജീവിതത്തിന്റെ നെട്ടോട്ടങ്ങൾ ക്കും തിരക്കുകൾക്കും ഇടയിൽ അതെല്ലാം കേവലം നിസ്സാരമായി പിശാച് ഒരുപക്ഷേ നമ്മിൽ തോന്നി പ്പിച്ചിട്ടുമുണ്ടാകും. 11 മാസം ഒരു ചെറുപാപം നമ്മോ ടൊപ്പം സഞ്ചരിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ അതിന്റെ ഗൗരവം എത്രമാത്രം വലുതായി രിക്കും! ആത്മാർഥമായ പുനരാ ലോചനയും പശ്ചാത്താപവും ഉണ്ടായിട്ടില്ലെങ്കിൽ അവ നമ്മെ നരകത്തിലേക്കാണ് കൊണ്ടുചെ ന്നെത്തിക്കുക. സംഭവിച്ച അപാക തകൾക്കെല്ലാമുള്ള പരിഹാരത്തി ന്റെ കവാടങ്ങളാണ് റമദാനിലൂടെ തുറക്കപ്പെട്ടിട്ടുള്ളത്.

തന്നിലേക്ക് അടിമകൾ മട ങ്ങിവരുന്നത് കരുണാനിധിയായ അല്ലാഹുവിന് ഏറെ ഇഷ്ടമുള്ള കാര്യമാണ്. അല്ലാഹു പറയുന്നു: “പറയുക: സ്വന്തം ആത്മാക്കളോ ട് അതിക്രമം പ്രവർത്തിച്ചുപോയ എന്റെ ദാസൻമാരേ, അല്ലാഹുവി ന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊ റുക്കുന്നതാണ്. തീർച്ചയായും അവൻതന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനി ധിയും” (39:53).

അവസരങ്ങളെ ഉപയോഗപ്പെ ടുത്താതെ തിരിഞ്ഞുനടക്കുന്നവർ ഭാവിയിൽ അനന്തമായി ദുഃഖി ക്കേണ്ടി വരുമെന്നും അവസാനി ക്കാത്ത ശിക്ഷ ഏറ്റുവാങ്ങേണ്ടി വരുമെന്നുമുള്ള താക്കീത് നമ്മെ ഇരുത്തിച്ചിന്തിപ്പിക്കേണ്ടതാണ്. തന്റെ ശിക്ഷ വന്നെത്തുന്നതിന്നു മുമ്പായി താഴ്മയോടെ തന്നിലേക്ക് മടങ്ങണമെന്ന ഗുണകാംക്ഷാനിർ ഭരമായ ഉപദേശമാണ് അല്ലാഹു നൽകുന്നത്.

“നിങ്ങൾക്ക് ശിക്ഷ വന്നെ ത്തുന്നതിനു മുമ്പായി നിങ്ങൾ നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് താഴ്മയോടെ മടങ്ങുകയും അവ ന്നു കീഴ്പെടുകയും ചെയ്യുവിൻ. പിന്നെ (അത് വന്നതിനുശേഷം) നിങ്ങൾ സഹായിക്കപ്പെടുന്നത ല്ല. നിങ്ങൾ ഓർക്കാതിരിക്കെ പെ ട്ടെന്ന് നിങ്ങൾക്ക് ശിക്ഷ വന്നെ ത്തുന്നതിന് മുമ്പായി നിങ്ങളുടെ രക്ഷിതാവിങ്കൽനിന്ന് നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിൽനിന്ന് ഏറ്റ

വും ഉത്തമമായത് നിങ്ങൾ പിൻപറ്റുകയും ചെയ്യുക. എന്റെ കഷ്ടമേ, അല്ലാഹുവിന്റെ ഭാഗത്തേക്ക് ഞാൻ ചെയ്യേണ്ടതിൽ ഞാൻ വീഴ്ച വരുത്തിയല്ലോ. തീർച്ചയായും ഞാൻ കളിയാക്കുന്നവരുടെ കൂട്ടത്തിൽതന്നെ ആയിപ്പോയല്ലോ എന്ന് വല്ല വ്യക്തിയും പറഞ്ഞേക്കും എന്നതിനാലാണിത്. അല്ലെങ്കിൽ, അല്ലാഹു എന്നെ നേർവഴിയിലാക്കിയിരുന്നെ ങ്കിൽ ഞാൻ സൂക്ഷ്മത പാലിക്കുന്നവരുടെ കൂട്ടത്തിൽ ആകുമായിരുന്നു എന്ന് പറഞ്ഞേക്കുമെന്നതിനാൽ. അല്ലെങ്കിൽ ശിക്ഷ നേരിൽ കാണുന്ന സന്ദർഭത്തിൽ, എനിക്കൊന്ന് മടങ്ങിപ്പോകാൻ കഴിഞ്ഞിരുന്നെങ്കിൽ ഞാൻ സദ്‌വൃത്തരുടെ കൂട്ടത്തിൽ ആകുമായിരുന്നു എന്ന് പറഞ്ഞേക്കുമെന്നതിനാൽ. അതെ, തീർച്ചയായും എന്റെ ദൃഷ്ടാന്തങ്ങൾ നിനക്ക് വന്നെത്തുകയുണ്ടായി. അപ്പോൾ നീ അവയെ നിഷേധിച്ച് തള്ളുകയും അഹങ്കരിക്കുകയും സത്യനിഷേധികളുടെ കൂട്ടത്തിലാകുകയും ചെയ്തു" (39:54-59).

ഒരാൾ സത്യവിശ്വാസത്തോടെയും പ്രതിഫലേച്ഛയോടെയും നോമ്പനുഷ്ഠിച്ചാൽ അവന്റെ കഴിഞ്ഞകാല പാപങ്ങൾ പൊറുക്കപ്പെടുമെന്ന സന്തോഷവാർത്ത വിശ്വാസികൾക്ക് ഏറെ ആശ്വാസം പകരുന്നതാണ്. നോമ്പിനോടു കൂടെത്തന്നെ മറ്റു സൽകർമങ്ങളെക്കുറിച്ചും നബി(സ്വ) ഇത്തരുണത്തിൽ പറഞ്ഞത് ഹദീസുകളിൽ കാണാനാകും.

ഹുദൈഫ(റ)യിൽനിന്നും ഉദ്ധരിക്കപ്പെട്ട ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്ത നബിവചനത്തിൽ ഒരു വ്യക്തിക്ക് തന്റെ കുടുംബത്തോടും സമ്പത്തിനോടും സന്താനങ്ങളോടും അയൽവാസിയോടും സംഭവിച്ചു പോകുന്ന വീഴ്ചകൾക്ക് നമസ്‌കാരം, നോമ്പ്, സകാത്ത്, നന്മ കൽപിക്കൽ, തിന്മ വിരോധിക്കൽ എന്നിവ പരിഹാരമാണെന്ന സന്തോഷവാർത്ത കാണാം.

സത്യവിശ്വാസികളിൽനിന്നും മാനുഷികമായി സംഭവിക്കുന്ന ചെറിയ വീഴ്ചകൾക്ക് ആരാധനാകർമങ്ങളെ അല്ലാഹു പരിഹാരമാക്കിത്തന്നു എന്നത് അവന്റെ വലിയ കാരുണ്യമാണ്. എന്നാൽ മഹാപാപങ്ങൾക്ക് പ്രത്യേകം പശ്ചാത്താപം (തൗബ) തന്നെ വേണ്ടതുണ്ടെന്ന് ഇത്തരം ഹദീസുകളെ വിശദീകരിക്കുന്നിടത്ത് തെളിവുകൾ ഉദ്ധരിച്ചുകൊണ്ട് പണ്ഡിതന്മാർ നമുക്ക് വ്യക്തമാക്കിത്തന്നിട്ടുണ്ട്.

വിശുദ്ധ റമദാനിന്റെ ആത്മീയ നിർവൃതിയെ അനുഭവിച്ചറിയാൻ മാനസിക വിശുദ്ധിയും അതിപ്രധാനമാണ്. അസൂയ, പക, വിദ്വേഷം, വെറുപ്പ് തുടങ്ങിയ, മനുഷ്യാസ്തിത്വത്തെതന്നെ മലീമസമാക്കുന്ന ഒട്ടേറെ തിന്മകളുടെ ഉറവിടം മനസ്സാണ്. അവിടെ വിമലീകരണം നടക്കാതെയുള്ള ബാഹ്യ വിശുദ്ധി മനുഷ്യരെ വിജയത്തിലെത്തിക്കുകയില്ല. നിങ്ങളുടെ നെഞ്ചിനുള്ളിൽ ഒരു മാംസക്കഷ്ണം ഉണ്ടെന്നും അത് നന്നായാൽ

> വിശുദ്ധ റമദാൻകൊണ്ട് ആത്മീയ നിർവൃതിയിലേക്ക് നമുക്കെത്തണമെങ്കിൽ കഴിഞ്ഞകാല ജീവിതത്തെ കുറിച്ചുള്ള ആത്മവിചാരണയും പരിഹാര പ്രവർത്തനങ്ങളും കൂടി അനിവാര്യമാണ്. കഴിഞ്ഞ റമദാനുശേഷം ഈ റമദാൻ വരെയുള്ള 11 മാസത്തെക്കുറിച്ചു പ്രത്യേകമായും, കഴിഞ്ഞകാല ജീവിതത്തെക്കുറിച്ചും കൃത്യമായ വിമർശനാത്മകമായുള്ള പരിശോധനക്കുള്ള അവസരമാണ് റമദാൻ ഒരുക്കിത്തരുന്നത്.

ശരീരം മുഴുവൻ നന്നായി എന്നും അത് കേടുവന്നാൽ ശരീരം മുഴുവൻ കേടുവന്നു എന്നും അത് ഹൃദയമാണെന്നും നബി(സ്വ) വ്യക്തമാക്കിയിട്ടുള്ളതാണ്.

മനുഷ്യർക്ക് നഗ്നനേത്രങ്ങൾകൊണ്ട് കാണാനും അനുഭവിക്കാനും കഴിയുന്ന ഒട്ടനവധി ദൃഷ്ടാന്തങ്ങളെ പിടിച്ച് സത്യം ചെയ്തുകൊണ്ട് അല്ലാഹു സൂറതുശ്ശംസിൽ മനുഷ്യാസ്തിത്വത്തെ പരിശുദ്ധപ്പെടുത്തുന്നതിനെക്കുറിച്ച് സംസാരിച്ചത് ഇപ്രകാരമാണ്:

"സൂര്യനും അതിന്റെ പ്രഭയും തന്നെയാണെ സത്യം! ചന്ദ്രൻ തന്നെയാണെ സത്യം; അത് അതിനെ തുടർന്ന് വരുമ്പോൾ. പകലിനെ തന്നെയാണെ സത്യം; അത് അതിനെ (സൂര്യനെ) പ്രത്യക്ഷപ്പെ ടുത്തുമ്പോൾ. രാത്രിയെ തന്നെയാണെ സത്യം; അത് അതിനെ മൂടുമ്പോൾ. ആകാശത്തെയും അതിനെ സ്ഥാപിച്ച രീതിയെയും തന്നെയാണെ സത്യം. ഭൂമിയെയും അതിനെ വിസ്തൃതമാക്കിയ രീതിയെയും തന്നെയാണെ സത്യം. മനുഷ്യാസ്തിത്വത്തെയും അതിനെ സംവിധാനിച്ച രീ

തിയെയും തന്നെയാണെ സത്യം. എന്നിട്ട് അതിന്ന് അതിന്റെ ദുഷ്ടതയും അതിന്റെ സൂക്ഷ്മതയും സംബന്ധിച്ച് അവൻ ബോധം നൽകുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അതിനെ (അസ്തിത്വത്തെ) പരിശുദ്ധമാക്കിയവൻ വിജയം കൈവരിച്ചു. അതിനെ കളങ്കപ്പെടുത്തിയവൻ തീർച്ചയായും നിർഭാഗ്യമടയുകയും ചെയ്തു" (91:1-10).

റബ്ബിന്റെ സ്ഥാനത്തെയും മഹത്ത്വത്തെയും അടുത്തറിഞ്ഞ്, ചീത്ത മാനസികാവസ്ഥകളിൽനിന്നും പ്രവർത്തനങ്ങളിൽനിന്നും മാറി നിൽക്കാനുള്ള മനക്കരുത്ത് കൂടിയാണ് റമദാൻ നമുക്ക് നേടിത്തരുന്നത്. റബ്ബിനെ ഭയപ്പെട്ട് തിന്മകളിൽനിന്നും മാറി നിൽക്കുന്നവർക്ക് സ്വർഗമാണ് റബ്ബ് വാഗ്ദാനം ചെയ്തിട്ടുള്ളത്. തന്നിഷ്ടങ്ങളെയും ദേഹേച്ഛകളെയും പിൻപറ്റിയവർക്കുള്ള സങ്കേതം നരകവുമായിരിക്കും.



"ആർ അതിരുകവിയുകയും ഇഹലോകജീവിതത്തിനു കൂടുതൽ പ്രാധാന്യം നൽകുകയും ചെയ്തുവോ (അവന്ന്) കത്തിജ്വലിക്കുന്ന നരകം തന്നെയാണ് സങ്കേതം. അപ്പോൾ ഏതൊരാൾ തന്റെ രക്ഷിതാവിന്റെ സ്ഥാനത്തെ ഭയപ്പെടുകയും മനസ്സിനെ തന്നിഷ്ടത്തിൽനിന്ന് വിലക്കിനിർത്തുകയും ചെയ്തുവോ (അവന്ന്) സ്വർഗം തന്നെയാണ് സങ്കേതം" (79:37-41).

'ഹൃദയങ്ങളെ മാറ്റിമറിക്കുന്നവനേ, നീ എന്റെ ഹൃദയത്തെ ദീനിൽ ഉറപ്പിച്ചു നിർത്തണേ' എന്ന പ്രാർഥന നബി(സ്വ) അധികരിപ്പിച്ചതിന്റെ പൊരുൾ ഈ അവസരത്തിൽ നാം പ്രത്യേകം ഓർക്കേണ്ടതുണ്ട്.

അറിവിൽ അടിയുറച്ച വിശ്വാസികളുടെ ഉത്തമ ഗുണങ്ങളിൽ ഒന്നായി ഈ ആശയമുള്ള പ്രാർഥന ക്വുർആനിൽ പ്രത്യേകം എടുത്തുദ്ധരിക്കുന്നതും സ്മരണീയമാണ്. നിത്യജീവിതത്തിൽ ഇത്തരം പ്രാർഥനകൾ അധികരിപ്പിക്കാനുള്ള ശ്രദ്ധയും വിശ്വാസികളുടെ ഭാഗത്തു നിന്നുണ്ടാവൽ അനിവാര്യമാണ്

"(അവർ പ്രാർഥിക്കും:) ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ സൻമാർഗത്തിലാക്കിയതിനുശേഷം ഞങ്ങളുടെ മനസ്സുകളെ നീ തെറ്റിക്കരുതേ. നിന്റെ അടുക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ അത്യധികം ഔദാര്യവാനാകുന്നു" (3:8).

സ്വർഗത്തിലേക്കുള്ള പ്രയാണത്തെ എളുപ്പമാക്കിത്തരുന്ന ഒരു അമൂല്യനിധിയാണ് സഹനം എന്ന സൽസ്വഭാവം. സഹനത്തിലൂടെ സംയമനം പാലിച്ച് സ്വർഗം നേടിയെടുക്കാനുള്ള അവസരവും റമദാൻ നമുക്ക് പ്രദാനം ചെയ്യുന്നുണ്ട്. ഇഹലോക ജീവിതത്തിൽ നാം ഒരുപാട് പരീക്ഷണങ്ങൾക്ക് വിധേയരായേക്കാം. അതൊരു പക്ഷേ, ശാരീരികമോ മാനസികമോ ആയിരിക്കാം. അത്തരം സന്ദർഭങ്ങളിലെല്ലാം ക്ഷമയവലംബിച്ച് മുന്നേറാനാണ് അല്ലാഹു വിശ്വാസികളോട് ആവശ്യപ്പെടുന്നത്. ഇതിനുള്ള ആത്മീയമായ കരുത്ത് നേടിത്തരുന്നതിൽ റമദാനിനുള്ള സ്ഥാനം ചെറുതല്ല.

"അല്ലാഹു പറയുന്നു: തീർച്ചയായും നിങ്ങളുടെ സ്വത്തുകളിലും ശരീരങ്ങളിലും നിങ്ങൾ പരീക്ഷിക്കപ്പെടുന്നതാണ്. നിങ്ങൾക്കു മുമ്പ് വേദം നൽകപ്പെട്ടവരിൽനിന്നും ബഹുദൈവാരാധകരിൽ നിന്നും നിങ്ങൾ ധാരാളം കുത്തുവാക്കുകൾ കേൾക്കേണ്ടിവരികയും ചെയ്യും. നിങ്ങൾ ക്ഷമിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നുവെങ്കിൽ തീർച്ചയായും അത് ദൃഢനിശ്ചയം ചെയ്യേണ്ട കാര്യങ്ങളിൽ പെട്ടതാകുന്നു" (3:186).

സഹനത്തെക്കാൾ വലിയൊ

രു സമ്പത്ത് ആർക്കും ലഭിക്കാനില്ലെന്നാണ് നബി(സ്വ) പഠിപ്പിച്ചത്. അബൂ സഈദി(റ)ൽ നിന്ന് നിവേദനം: “ചില അൻസ്വാരികൾ നബി (സ്വ)യോട് യാചിച്ചു. നബി(സ്വ) അവർക്ക് കൊടുത്തു. പിന്നെയും യാചിച്ചു. കയ്യിലുള്ളത് കൊടുത്തു തീർന്നപ്പോൾ നബി(സ്വ) പറഞ്ഞു: ‘നിങ്ങൾക്ക് തരാതെ ഞാനൊന്നും സംഭരിച്ചു വെക്കുന്നതല്ല. ആരെങ്കിലും യാചന ഉപേക്ഷിച്ചാൽ അല്ലാഹു അവനെ പരാശ്രയരഹിതനാക്കും. ഐശ്വര്യം പ്രകടിപ്പിച്ചാൽ അല്ലാഹു അവനെ ധന്യനാക്കും. ക്ഷമ കൈക്കൊണ്ടാ ൽ അല്ലാഹു അവനെ ക്ഷമാശീലനാക്കും. ആർക്കും സഹനത്തെക്കാൾ വലുതായി യാതൊന്നും ലഭിച്ചിട്ടില്ല” (ബുഖാരി, മുസ്‌ലിം).

പ്രായോഗിക ജീവിതത്തിൽ സഹനത്തെ സ്വീകരിക്കാൻ കഴിയുന്നവർക്ക് ശത്രുക്കളെപോലും മിത്രങ്ങളാക്കാൻ കഴിയുമെന്നാണ് ക്വുർആനിന്റെ അധ്യാപനം. വിശുദ്ധ റമദാനിന്റെ ദിനരാത്രങ്ങളിൽ, നാം ആരോടെങ്കിലും പിണങ്ങി നിൽക്കുന്നുവെങ്കിൽ അതെല്ലാം ക്ഷമിച്ചും സഹിച്ചും സ്നേഹത്തിൽ എത്താനുള്ള അവസരമായും നാം ഈ സന്ദർഭത്തെ ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

അല്ലാഹു പറയുന്നു:”നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അത് കൊണ്ട് നീ (തിൻമയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവന താ (നിന്റെ) ഉറ്റബന്ധു എന്നോണം ആയിത്തീരുന്നു. ക്ഷമ കൈക്കൊണ്ടവർക്കല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല. വമ്പിച്ച ഭാഗ്യമുള്ളവന്നല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല” (41:34,35).

മനസ്സും ശരീരവും വിശുദ്ധമാക്കുന്നതു പോലെത്തന്നെ സ്രഷ്ടാവ് അനുഗ്രഹമായിത്തന്ന സമ്പത്തിന്റെ കാര്യത്തിലും മനുഷ്യർ വിശുദ്ധി പാലിക്കണമെന്ന് ഇസ്‌ലാം നിർദേശിക്കുന്നു. ദാനധർമങ്ങളുടെ കാര്യത്തിൽ നബി(സ്വ) റമദാനിൽ അടിച്ചുവീശുന്ന കാറ്റുപോലെയായിരുന്നു എന്നാണ് ഹദീസുകൾ നമ്മെ പഠിപ്പിക്കുന്നത്. നിർബന്ധമായ ബാധ്യതയായിട്ടുള്ള സകാത്ത് കൊടുക്കാൻ അർഹതപ്പെട്ടവരാണെങ്കിൽ അത് അതിന്റെ അവകാശികൾക്ക് കൊടുത്തുവീട്ടുമ്പോൾ മാത്രമാണ് സമ്പത്ത് വിശുദ്ധമാകുന്നത്. റമദാനിലെ ആത്മീയ നിർവൃതി നമുക്ക് പൂർണമായി അനുഭവിക്കാൻ കഴിയണമെങ്കിൽ സാമ്പത്തിക വിശുദ്ധി കാത്തുസൂക്ഷിക്കൽ നിർബന്ധമാണ്.

നല്ല കാര്യങ്ങൾക്കുവേണ്ടി ധനം ചെലവഴിക്കാതെ പിശുക്കി വെക്കുന്നവരെ റബ്ബ് താക്കീത് നൽകിയത് ഇപ്രകാരമാണ്:

“അല്ലാഹു അവന്റെ അനുഗ്രഹത്തിൽനിന്ന് തങ്ങൾക്കു തന്നിട്ടുള്ളതിൽ പിശുക്ക് കാണിക്കുന്നവർ അതവർക്ക് ഗുണകരമാണെന്ന് ഒരിക്കലും വിചാരിക്കരുത്.

> വിശുദ്ധ റമദാനിന്റെ ആത്മീയ നിർവൃതിയെ അനുഭവിച്ചറിയാൻ മാനസിക വിശുദ്ധിയും അതിപ്രധാനമാണ്. അസൂയ, പക, വിദ്വേഷം, വെറുപ്പ് തുടങ്ങിയ, മനുഷ്യാസ്തിത്വത്തെതന്നെ മലിമസമാക്കുന്ന ഒട്ടേറെ തിന്മകളുടെ ഉറവിടം മനസ്സാണ്. അവിടെ വിമലീകരണം നടക്കാതെയുള്ള ബാഹ്യ വിശുദ്ധി മനുഷ്യരെ വിജയത്തിലെത്തിക്കുകയില്ല. നിങ്ങളുടെ നെഞ്ചിനുള്ളിൽ ഒരു മാംസക്കഷ്ണം ഉണ്ടെന്നും അത് നന്നായാൽ ശരീരം മുഴുവൻ നന്നായി എന്നും അത് കേടുവന്നാൽ ശരീരം മുഴുവൻ കേടുവന്നു എന്നും അത് ഹൃദയമാണെന്നും നബി(സ്വ) വ്യക്തമാക്കിയിട്ടുള്ളതാണ്.

അല്ല, അവർക്ക് ദോഷകരമാണത്. അവർ പിശുക്ക് കാണിച്ച ധനംകൊണ്ട് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവരുടെ കഴുത്തിൽ മാല ചാർത്തപ്പെടുന്നതാണ്. ആകാശങ്ങളുടെയും ഭൂമിയുടെയും അനന്തരാവകാശം അല്ലാഹുവിനത്രെ. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു” (3:180).

സൂറതുത്തൗബയിലെ 34,35 വചനങ്ങളിലൂടെ റബ്ബിന്റെ മാർഗത്തിൽ ധനം ചെലവഴിക്കാത്തവർക്ക് വരാനിരിക്കുന്ന ഭയാനകരമായ ശിക്ഷയെക്കുറിച്ച് താക്കീത് നൽകുന്നത് കാണുക:

“...സ്വർണവും വെള്ളിയും നിക്ഷേപമാക്കിവെക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ അത് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനയേറിയ ശിക്ഷയെപ്പറ്റി സന്തോഷവാർത്ത അറിയിക്കുക. നരകാഗ്നിയിൽവെച്ച് അവ ചുട്ടുപഴുപ്പിക്കപ്പെടുകയും എന്നിട്ട് അതുകൊണ്ട് അവരുടെ നെറ്റികളി

ലും പാർശ്വങ്ങളിലും മുതുകുകളിലും ചൂടുവെക്കപ്പെടുകയും ചെയ്യുന്ന ദിവസം (അവരോട് പറയപ്പെടും:) നിങ്ങൾ നിങ്ങൾക്കുവേണ്ടിത്തന്നെ നിക്ഷേപിച്ചുവെച്ചതാണിത്. അതിനാൽ നിങ്ങൾ നിക്ഷേപിച്ചു വെച്ചിരുന്നത് നിങ്ങൾ ആസ്വദിച്ചുകൊള്ളുക.”

സകാത്ത് എന്നത് ധനികൻ ദരിദ്രന് നൽകുന്ന ഔദാര്യമല്ല, മറിച്ച് അത് ദരിദ്രന്റെ അവകാശമാണ്. അന്യന്റെ അവകാശം പിടിച്ചുവെക്കുന്നത് അന്യായമാണല്ലോ. അതുകൊണ്ടുതന്നെ സകാത്തിന്റെ വിഹിതം അർഹരായവർക്ക് കൊടുക്കാതെ പിടിച്ചുവെക്കുന്നത് വലിയ ശിക്ഷക്ക് കാരണമാകുമെന്ന് റബ്ബ് താക്കീത് നൽകിയിട്ടുണ്ട്. അബൂബക്‌ർ(റ) ഖലീഫയായിരിക്കെ സകാത്ത് നൽകാൻ വിസമ്മതിച്ചവരോട് അദ്ദേഹം യുദ്ധത്തിനൊരുങ്ങിയ ചരിത്രം ഇതിന്റെ പ്രാധാന്യം എത്ര വലുതാണെന്ന് നമ്മെ ബോധ്യപ്പെടുത്തുന്ന താണ്.

റബ്ബിന്റെ മാർഗത്തിൽ ധനം ചെലവഴിക്കുന്നവർക്ക് അതിന്റെ പ്രതിഫലം ഇരട്ടിപ്പിച്ചു നൽകുമെന്ന സന്തോഷവാർത്ത അല്ലാഹു അറിയിക്കുന്നു:




“അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവഴിക്കുന്നവരെ ഉപമിക്കാവുന്നത് ഒരു ധാന്യമണിയോടാകുന്നു. അത് ഏഴ് കതിരുകൾ ഉൽപാദിപ്പിച്ചു. ഓരോ കതിരിലും നൂറ് ധാന്യമണിയും. അല്ലാഹു താൻ ഉദ്ദേശിക്കുന്നവർക്ക് ഇരട്ടിയായി നൽകുന്നു. അല്ലാഹു വിപുലമായ കഴിവുകളുള്ളവനും (എല്ലാം) അറിയുന്നവനുമാണ്” (2:261).

വിശുദ്ധ റമദാനിലെ പുണ്യദിനരാത്രങ്ങളിൽ നന്മയുടെ മാർഗത്തിൽ ധനം ചെലവഴിക്കാൻ ഈ വിശുദ്ധ വചനങ്ങളെല്ലാം നമുക്ക് പ്രേരണ നൽകുന്നതാണ്.

വിശുദ്ധ ഖുർആൻ അവതരിച്ച ദിവസമായ ലൈലത്തുൽ ഖദ്ർ റമദാനിലാണെന്നതും വിശ്വാസികളുടെ മനസ്സിന് ഏറെ ആനന്ദം പകരുന്നതാണ്.

“തീർച്ചയായും നാം ഇതിനെ (ഖുർആനിനെ) നിർണയത്തിന്റെ രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു. നിർണയത്തിന്റെ രാത്രി എന്നാൽ എന്താണെന്ന് നിനക്കറിയാമോ? നിർണയത്തിന്റെ രാത്രി ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു. മലക്കുകളും ആത്മാവും അവരുടെ രക്ഷിതാവിന്റെ എല്ലാകാര്യത്തെ സംബന്ധിച്ചുമുള്ള ഉത്തരവുമായി ആ രാത്രിയിൽ ഇറങ്ങിവരുന്നു. പ്രഭാതോദയംവരെ അത് സമാധാനമത്രെ” (97:1-5).

റമദാൻ മാസത്തിലെ അവസാനത്തെ പത്തിലുള്ള ഒരു അനുഗൃഹീത രാത്രിയാണ് ലൈലത്തുൽ ഖദ്ർ. റമദാനിലെ അവസാനത്തെ പത്തു ദിവസങ്ങളിൽ അതിനെ പ്രതീക്ഷിക്കാൻ നബി(സ്വ) പറഞ്ഞിട്ടുണ്ട്.

ആഇശ(റ)യിൽനിന്ന് നിവേദനം, അവർ പറയുന്നു: “നബി(സ്വ) റമദാനിലെ അവസാന പത്തിൽ ഇഅ്തികാഫ് ഇരിക്കാറുണ്ടായിരുന്നു. എന്നിട്ട് ഇപ്രകാരം പറയും: ‘റമദാനിലെ അവസാനത്തെ പത്തിൽ നിങ്ങൾ ലൈലത്തുൽ ഖദ്ർ പ്രതീക്ഷിക്കുക’’ (ബുഖാരി, മുസ്‌ലിം).

വ്യക്തിപരമായ ത്യാഗമനോഭാവവും സേവനസന്നദ്ധതയും അർപ്പണബോധവും നോമ്പുകാരനിൽ വളർന്നുവരുന്നു. അതോടൊപ്പം തന്നെ അവനിൽ സാമൂഹ്യബോധവും സമസൃഷ്ടിസ്നേഹവും വളർത്താനും വ്രതാനുഷ്ഠാനത്തിന് സാധിക്കും. അതിലെല്ലാമുപരിയായി നോമ്പുകാരന് അവാച്യമായ ആത്മീയ നിർവൃതി നോമ്പിലൂടെ ലഭിക്കുന്നു. ആത്മാർഥതയോടെ, അല്ലാഹുവിന്റെ പ്രതിഫലം ആഗ്രഹിച്ച് പുണ്യമാസത്തെ സൽകർമങ്ങളാൽ ധന്യമാക്കുക, ഖുർആനുമായി കൂടുതൽ അടുക്കാനുള്ള അവസരമാക്കുക. ■

ശൈഖ് അബ്ദുൽ മുഹ്സിൻ അബ്ബാദ്
വിവ: ശമീർ മദീനി
: 90482 21212

**സുന്നത്തും ബിദ്അത്തും; ഒരു സംക്ഷിപ്ത പഠനം 08**

# അന്യായമായ ബിദ്അത്ത് ആരോപണം

ചില വ്യക്തികളെ അനുകൂലിക്കുകയും അനുകൂലിക്കാതിരിക്കുകയും ചെയ്തതിന്റെ പേരിൽ ആളുകളെ പരീക്ഷിക്കുകയും അഹ്ലുസ്സുന്നക്കിടയിൽ ചേരിതിരിവ് ഉണ്ടാക്കുകയും ചെയ്യുന്ന ഫിത്നയോട് സമാനമാണ് ഈ കാലഘട്ടത്തിൽ അഹ്ലുസ്സുന്നയിലെ ചിലർതന്നെ അവരിൽ പെട്ട ചില സഹോദരങ്ങളെ ജർഹ് നടത്തിയും (അയോഗ്യത പ്രഖ്യാപിച്ച്) അവരിൽ ബിദ്അത്ത് ആരോപിച്ചും കൊണ്ടുള്ള പ്രവർത്തങ്ങൾ. അതിനെത്തുടർന്ന് അത്തരം ആളുകളെ ബഹിഷ്കരിക്കുവാനും അവരുമായുള്ള ബന്ധം വിഛേദിക്കുവാനും അവരിൽനിന്ന് അറിവു തേടുന്നത് അവസാനിപ്പിക്കുവാനുമൊക്കെ ആഹ്വാനം നടത്തുകയും ചെയ്യുന്നു.

## അഹ്ലുസ്സുന്നയിലെ ചിലരെ അയോഗ്യരായി പ്രഖ്യാപിക്കലും ബിദ്അത്ത് ആരോപിക്കലും

നേരത്തെ പറഞ്ഞ, ചില വ്യക്തികളെ അനുകൂലിക്കുകയും അനുകൂലിക്കാതിരിക്കുകയും ചെയ്തതിന്റെ പേരിൽ ആളുകളെ പരീക്ഷിക്കുകയും അഹ്ലുസ്സുന്നക്കിടയിൽ ചേരിതിരിവ് ഉണ്ടാക്കുകയും ചെയ്യുന്ന ഫിത്നയോട് സമാനമാണ് ഈ കാലഘട്ടത്തിൽ അഹ്ലുസ്സുന്നയിലെ ചിലർതന്നെ അവരിൽ പെട്ട ചില സഹോദരങ്ങളെ ജർഹ് നടത്തിയും (അയോഗ്യത പ്രഖ്യാപിച്ച്) അവരിൽ ബിദ്അത്ത് ആരോപിച്ചും കൊണ്ടുള്ള പ്രവർത്തങ്ങൾ. അതിനെത്തുടർന്ന് അത്തരം ആളുകളെ ബഹിഷ്കരിക്കുവാനും അവരുമായുള്ള ബന്ധം വിഛേദിക്കുവാനും അവരിൽനിന്ന് അറിവു തേടുന്നത് അവസാനിപ്പിക്കുവാനുമൊക്കെ ആഹ്വാനം നടത്തുകയും ചെയ്യുന്നു. സത്യത്തിൽ മേൽപറഞ്ഞ അയോഗ്യത കൽപിക്കലും ബിദ്അത്ത് ആരോപിക്കലുമെല്ലാം ചില ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിലും ബിദ്അത്തല്ലാത്തതിനെ ബിദ്അത്തായി തെറ്റിദ്ധരിച്ചുമൊക്കെയാണ്. അതിനൊരു ഉദാഹരണമാണ് ശൈഖ് ഇബ്നുബാസും ശൈഖ് ഇബ്നു ഉസൈമീ



നും അവർ കണ്ട ചില നന്മകളുടെ അടിസ്ഥാനത്തിൽ ചില സംഘങ്ങളുടെ കൂടെചേർന്നു പ്രവർത്തിക്കാമെന്ന് അവർ രണ്ടുപേരും ഫത്വ നൽകി എന്നതും പ്രസ്തുത ഫത് വയിൽ തൃപ്തരല്ലാത്ത ഒരു ചെറുസംഘം ആ വിഭാഗത്തെ ആക്ഷേപിച്ചു സംസാരിക്കുകയും ചെയ്തു എന്നതും. എന്നുമാത്രമല്ല ആ വിഭാഗത്തോട് സഹകരിച്ച് ക്ലാസ്സുകളെടുക്കുകയും പ്രഭാഷണങ്ങൾ നടത്തുകയും ചെയ്യുന്നവരെക്കൂടി ആക്ഷേപിക്കുകയും സച്ചരിതരായ മുൻഗാമികളുടെ മാർഗത്തിൽ (മൻഹജുസ്സലഫിൽ) കണിശതയില്ലാത്തവരും അഴകൊഴമ്പൻ നിലപാട് സ്വീകരിക്കുന്നവരുമായും അവരെ വിമർശിക്കുകയും ചെയ്തു. എന്നാൽ ശൈഖ് ഇബ്നു ബാസും ശൈഖ് ഇബ്നു ഉസൈമീനും പ്രസ്തുത വിഭാഗത്തിന്റെ പരിപാടികളിൽ സഹകരിച്ച് ക്ലാസ്സുകളും പ്രഭാഷണങ്ങളും നടത്തുകയും ചെയ്തിട്ടുമുണ്ട്.

അതുപോലെയുള്ള മറ്റൊരു ഉദാഹരണമാണ് ചിലയാളുകളുടെ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിനെ വിലക്കുകയും താക്കീത് നൽകുകയും ചെയ്തുകൊണ്ടുള്ള അറിയിപ്പുകളുണ്ടായത്. ആ ആളുകൾ ഇവരുദ്ദേശിക്കുന്ന വ്യക്തികളെയോ സംഘങ്ങളെയോ ആക്ഷേപിച്ചു സംസാരിക്കുന്നില്ല എന്നതാണ് പ്രശ്നം. ഖേദകരമെന്നു പറയട്ടെ, അതിന്റെ മുഖ്യ പങ്കുവഹിക്കുന്ന വ്യക്തി മദീന ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയിൽ ശരീഅഃ കോളേജിൽ എന്റെ വിദ്യാർഥിയായിരുന്ന ഒരാളാണ്. ഹി.1395-1396 അധ്യയന വർഷത്തെ ബാച്ചിലാണ് അയാൾ പുറത്തിറങ്ങിയത്. 119 വിദ്യാർഥികൾ പുറത്തിറങ്ങിയ പ്രസ്തുത ബാച്ചിൽ അദ്ദേഹത്തിന്റെ സ്ഥാനം 104 ആയിരുന്നു. മതവിജ്ഞാനവുമായി ബന്ധപ്പെട്ട സേവനങ്ങൾ ചെയ്ത ഒരു വ്യക്തിയായിട്ടൊന്നും അറിയപ്പെട്ട ആളായിരുന്നില്ല അയാൾ. റെക്കോർഡ് ചെയ്യപ്പെട്ട വൈജ്ഞാനികമായ ക്ലാസ്സുകളൊന്നും അയാളുടെതായി ഞാൻ കണ്ടിട്ടുമില്ല. ചെറുതോ വലുതോ ആയ ഒരു രചനയും ദീനീ വിഷയങ്ങളിൽ അദ്ദേഹത്തിനുള്ളതായി ഞാനറിഞ്ഞിട്ടുമില്ല. എന്നാൽ അദ്ദേഹത്തിന്റെ കാര്യമായ പണി അഹ്‌ലുസ്സുന്നയിൽ പെട്ട മറ്റുള്ളവരെക്കുറിച്ച് ഇത്തരം അയോഗ്യത പ്രഖ്യാപിക്കലും ബിദ്അത്താരോപി ക്കലും അവരിൽനിന്ന് ആളുകളെ വിലക്കലും താക്കീത് ചെയ്യലുമൊക്കെയാണ്. താൻ വിമർശിക്കുന്നവരിൽ ചിലരുടെയെങ്കിലും ചെറുവിരലിനോളം അയാൾ എത്തിയിട്ടില്ല എന്നതാണ് സത്യം. കാരണം അവർ ഉപകാരപ്രദമായ ധാരാളം ക്ലാസ്സുകളിലൂടെയും പ്രഭാഷണങ്ങളിലൂടെയും രചനകളിലൂടെയും സമൂഹത്തിന് സേവനം ചെയ്തവരാണ്.



ഇദ്ദേഹത്തിന്റെ സുദീർഘമായ ടെലഫോൺ സംഭാഷണമടങ്ങിയ ഒരു കാസറ്റ് തലക്ക് വെളിച്ചമുള്ള ആരെങ്കിലും കേട്ടാൽ സത്യത്തിൽ അത്ഭുതപ്പെട്ടുപോകും. അഹ്‌ലുസ്സുന്നയിൽപെട്ട ധാരാളം ആളുകളുടെ പച്ചമാംസം അതിലൂടെ അയാൾ തിന്നുന്നതുണ്ട്. പ്രസ്തുത കാസറ്റിലെ ചോദ്യകർത്താവ് ആവശ്യമില്ലാത്ത പലതും അയാളോട് ചോദിക്കുന്നുമുണ്ട്. ഈ ഒരു കാസറ്റിൽ മാത്രം മുപ്പതിലധികം ആളുകളെക്കുറിച്ചാണ് ഇയാളോട് ചോദിക്കുന്നത്. അക്കൂട്ടത്തിൽ മന്ത്രിയും പ്രായം ചെന്നവരും ചെറുപ്പക്കാരും ഒക്കെയുണ്ട്. അവരിൽ

വളരെ ചുരുക്കം ചിലർ ആക്ഷേപാർഹരുമാണ്. അദ്ദേഹത്തോട് പ്രസ്തുത കാസറ്റിൽ ചോദിക്കപ്പെടാത്തതിന്റെ പേരിൽ മാത്രം രക്ഷപ്പെട്ടവരും ഉണ്ട്. ഇതിൽ രക്ഷപ്പെട്ട ചിലരാകട്ടെ അദ്ദേഹത്തിന്റെ മറ്റു ചില കാസറ്റുകളിൽ രക്ഷപ്പെട്ടിട്ടുമില്ല. ഇന്റർനെറ്റിൽ എല്ലാം വിശദമായി ഉണ്ട്താനും. മത വിദ്യാർഥികളുടെയും പണ്ഡിതന്മാരുടെയും പച്ചമാംസം തിന്നുന്ന ഇപ്പണി അവസാനിപ്പിക്കുകയാണ് അയാൾ വേണ്ടത്. യാതൊരു ഉപകാരമോ പ്രയോജനമോ ഇല്ലാത്ത പ്രസ്തുത വാക്കുകളെ അവഗണിക്കുക യാണ് വിദ്യാർഥികളും യുവാക്കളും ചെയ്യേണ്ടത്. എന്നിട്ട് ഉപകാരപ്രദമായ വിജ്ഞാനങ്ങളിൽ അവർ വ്യാപൃതരാകണം. അതിലൂടെ അവർക്ക് നല്ല നേട്ടങ്ങളും ഇരുലോകത്തും നല്ല പര്യവസാനമുണ്ടാവുകയും ചെയ്യും.

ഹാഫിദ് ഇബ്നു അസാകിർ(റഹി) പറയുന്നു: "എന്റെ സഹോദരാ, താങ്കൾ അറിയണം! എന്നെയും നിങ്ങളെയും അല്ലാഹു അവന്റെ തൃപ്തി നേടാൻ അനു

> ശൈഖ് ഇബ്നു ഉസൈമീന്റെ ഖണ്ഡനരീതിയെക്കുറിച്ച് ചർച്ച ചെയ്തിട്ടില്ല. കാരണം, അദ്ദേഹം ഖണ്ഡനമേഴുതിയ ചെറുതോ വലുതോ ആയ ഒരു രചനയും എന്റെ അറിവിലില്ല. ശൈഖ് അവർകളുടെ അടുത്ത ശിഷ്യന്മാരിൽ ഒരാളോട് അന്വേഷിച്ചപ്പോൾ അത്തരമൊരു വിമർശനഗ്രന്ഥം അദ്ദേഹത്തിനുള്ളതായറിയില്ല എന്നാണ് അദ്ദേഹവും പറഞ്ഞത്. അത് ശൈഖിന്റെ കാര്യത്തിൽ ആക്ഷേപമോ ന്യൂനതയോ അല്ല. കാരണം ദീനീ വിജ്ഞാനങ്ങൾ പ്രചരിപ്പിക്കുന്ന തരത്തിലുള്ള ക്ലാസ്സുകളിലും ഗ്രന്ഥരചനകളിലുമായിരുന്നു അദ്ദേഹത്തിന്റെ മുഖ്യശ്രദ്ധ.

ഗ്രഹിക്കുമാറാകട്ടെ. അവനെ ഭയപ്പെടുകയും യഥാവിധം അവനെ സൂക്ഷിക്കുകയും ചെയ്യുന്നവരിൽ അവൻ നമ്മെ ഉൾപ്പെടുത്തുമാറാകട്ടെ. നിശ്ചയം, പണ്ഡിതന്മാരുടെ മാംസം വിഷം തീണ്ടിയതാണ്. അവരെ നിന്ദിക്കുന്നവരുടെ മറ പടച്ചറബ്ബ് പിച്ചിച്ചീന്തി വഷളാക്കുമെന്ന അല്ലാഹുവിന്റെ (പതിവു) നടപടിക്രമം സുപരിചിതവുമാണ്" (തബ്യീനു കദിബിൽ മുഫ്തരി, പേജ് 29).

അഹ്ലുസ്സുന്നയുടെ പണ്ഡിതന്മാരെയും പ്രബോധകരെയും ദുഷിച്ചു പറയുന്നതിൽനിന്ന് നാവിനെ സൂക്ഷിക്കണമെന്ന കാര്യത്തിൽ ധാരാളം ആയത്തുകളും ഹദീസുകളും സച്ചരിതരായ മുൻഗാമികളുടെ വാക്കുകളും 'രിഫ്ക്വൻ അഹ്ലുസ്സുന്ന ബി അഹ്ലിസ്സുന്ന' എന്ന എന്റെ ചെറുകൃതിയിൽ ഉദ്ധരിച്ചിട്ടുണ്ട്. പക്ഷേ, അതൊന്നും ഈ വ്യക്തിയെ തൃപ്തിപ്പെടുത്തിയില്ല എന്ന് മാത്രമല്ല അത് പ്രസിദ്ധീകരണയോഗ്യമല്ല എന്നാണത്രെ അദ്ദേഹം പറഞ്ഞത്. അതിനെയും അത് പ്രചരിപ്പിക്കുന്നതിനെയും അദ്ദേഹം താക്കീത് ചെയ്യുകയും വിമർശിക്കുകയും ചെയ്തിട്ടുണ്ട് പോലും. ആരെങ്കിലും പ്രസ്തുത വിമർശനം കാണുകയും എന്റെ പ്രസ്തുത ചെറുകൃതി (രിസാല) വായിക്കുകയും ചെയ്താൽ തീർച്ചയായും ആ വിമർശനങ്ങൾക്ക് എന്റെ ഗ്രന്ഥവുമായി യാതൊരു ബന്ധവുമില്ലെന്നും അത് വേറെ വഴിയിലും ഇത് മറ്റൊരു വഴിയിലുമാണെ ന്നും മനസ്സിലാകും.

സത്യത്തിൽ, ഒരു കവി പറഞ്ഞതുപോലെയാണ് കാര്യങ്ങൾ: "ചെങ്കണ്ണ് ബാധിച്ചതിനാൽ സൂര്യപ്ര കാശത്തെ കണ്ണ് വെറുക്കുന്നു. രോഗം ബാധിച്ചതിനാൽ സ്വാദിഷ്ടമായ ഭക്ഷണത്തിനെ വായും നിരാകരി ക്കുന്നു."

എന്റെ കൃതിയായ 'രിഫ്ക്വൻ അഹ്ലുസ്സുന്ന ബി അഹ്ലിസ്സുന്ന'യെ വിമർശിച്ചുകൊണ്ട് ആ വിദ്യാർഥി ഞാൻ പറഞ്ഞതായി പറഞ്ഞത് "ശൈഖ് ഇബ്നു ബാസിന്റെയും ശൈഖ് ഇബ്നു ഉസൈമീന്റെയും രീതി അഹ്ലുസ്സുന്നയുടെ മറ്റ് പണ്ഡിതന്മാരുടെ രീതിക്കെതിരാണ്. ഇത് ശരിയായ രീതിയല്ല, സംശയം വേണ്ട. അതായത് അവർ എതിരാളികൾക്ക് കൂടുതലായി ഖണ്ഡനങ്ങൾ നടത്താറില്ല." ഇപ്പറഞ്ഞത് ശരിയാണെങ്കിൽ അഹ്ലുസ്സുന്നയുടെ മൻഹജിന് എതിരാണ്. സത്യത്തിൽ അത് ഈ രണ്ട് പണ്ഡിതന്മാരെയും ആക്ഷേപിക്കലാണ്.

അതിനുള്ള മറുപടി പലതുണ്ട്:

ഒന്ന്) ഞാനെഴുതിയതിൽ ശൈഖ് ഇബ്നു ബാസ്(റഹി) ഖണ്ഡനങ്ങൾ കൂടുതലൊന്നും നടത്താത്ത വ്യക്തിയാണെന്ന് പറഞ്ഞിട്ടില്ല. പ്രത്യുത അദ്ദേഹത്തിന്റെ ഖണ്ഡനങ്ങൾ ധാരാളമുണ്ട്. എന്റെ കൃതിയിലുള്ളത്

ഖണ്ഡനം വേണ്ടെന്നല്ല, മറിച്ച് അത് മാന്യവും സൗമ്യവും ആകണമെന്നും അബദ്ധം പറ്റിയവർ തെറ്റ് തിരുത്തണമെന്ന ഗുണകാംക്ഷ വേണമെന്നും ആരോപിക്കപ്പെടുന്ന തെറ്റ് വ്യക്തവും ആരോപണം നീതിയുക്തവുമാകണം എന്നൊക്കെയാണ്; ഇത്തരം ഖണ്ഡനങ്ങളുടെ ശരിയായ രീതിയും രൂപവുമറിയാനാഗ്രഹിക്കുന്നവർ ശൈഖ് ഇബ്നു ബാസിന്റെ ഖണ്ഡനങ്ങൾ പരിശോധിക്കണമെന്നുമാണ്.

രണ്ട്) ശൈഖ് ഇബ്നു ഉസൈമീന്റെ ഖണ്ഡനരീതിയെക്കുറിച്ച് ഞാനതിൽ ചർച്ച ചെയ്തിട്ടില്ല. കാരണം, അദ്ദേഹം ഖണ്ഡനമെഴുതിയ ചെറുതോ വലുതോ ആയ ഒരു രചനയും എന്റെ അറിവിലില്ല. ശൈഖ് അവർകളുടെ അടുത്ത ശിഷ്യന്മാരിൽ ഒരാളോട് അന്വേഷിച്ചപ്പോൾ അത്തരമൊരു വിമർശനഗ്രന്ഥം അദ്ദേഹത്തിനുള്ളതായറിയില്ല എന്നാണ് അദ്ദേഹവും പറഞ്ഞത്. അത് ശൈഖിന്റെ കാര്യത്തിൽ ആക്ഷേപമോ ന്യൂനതയോ അല്ല. കാരണം ദീനീ വിജ്ഞാനങ്ങൾ പ്രചരിപ്പിക്കുന്ന തരത്തിലുള്ള ക്ലാസ്സുകളിലും ഗ്രന്ഥരചനകളിലുമായിരുന്നു അദ്ദേഹത്തിന്റെ മുഖ്യശ്രദ്ധ.

മൂന്ന്) ശൈഖ് ഇബ്നു ബാസി(റ)ന്റെ ഖണ്ഡനരീതി, മേൽപറഞ്ഞ വിദ്യാർഥിയുടെയും അതുപോലുള്ള വരുടെയും രീതിക്ക് കടകവിരുദ്ധമായിരുന്നു. ശൈഖിന്റെ രീതി സൗമ്യവും മാന്യവും ഗുണകാംക്ഷാനിർഭര വുമായിരുന്നു. വിമർശിക്കപ്പെടുന്ന വ്യക്തിക്ക് വിമർശനം ഉപകാരപ്പെടണമെന്നും അദ്ദേഹത്തെ നേരായ പാതയിലേക്ക് കൈപിടിച്ചാനയിക്കണമെന്നുമായിരുന്നു ശൈഖിന്റെ ലക്ഷ്യവും ആഗ്രഹവും. എന്നാൽ ഇക്കൂട്ടരുടെ ശൈലിയാകട്ടെ പരുഷവും ആളുകളെ വെറുപ്പിച്ചകറ്റുന്നതും ഗുണകാംക്ഷയില്ലാത്തതുമാണ്.



ഇദ്ദേഹം ആക്ഷേപം പറഞ്ഞവരിൽ എത്രയോ പേരെ ശൈഖ് ഇബ്നു ബാസ്(റഹി) പ്രശംസിക്കുകയും അംഗീകരിക്കുകയും അവർക്കുവേണ്ടി ദുആ ചെയ്യുകയും ആളുകൾക്ക് ദീൻ പഠിപ്പിക്കാനും ദഅ്വത്ത് ചെയ്യാനുമൊക്കെ അവർക്ക് പ്രേരണയും പ്രോത്സാഹനം നൽകുകയുമൊക്കെ ചെയ്തിട്ടുള്ളതാണ്. അവരിൽ നിന്ന് അറിവ് സ്വീകരിക്കാനും അവരെ ആ വഴിക്ക് ഉപയോഗപ്പെടുത്താനും ആളുകളെ അദ്ദേഹം പ്രേരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ചുരുക്കത്തിൽ, ശൈഖ് ഇബ്നു ബാസ്(റഹി) വിമർശകർക്ക് മറുപടി പറയാത്തയാളാണെന്ന് ഞാൻ പറഞ്ഞിട്ടില്ല. ഇബ്നു ഉസൈമീന്റെ(റഹി) ഖണ്ഡനത്തെ കുറിച്ചും ഞാൻ ചർച്ച ചെയ്തിട്ടില്ല. എനിക്കെതിരിൽ വിമർശകർ പറഞ്ഞത് എന്റെ ഗ്രന്ഥത്തിൽ പറഞ്ഞതിനോട് യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങളാണ്. അദ്ദേഹത്തിന്റെ നിലപാടുകളിലെ വ്യക്തതക്കുറവും കൃത്യതയില്ലായ്മയുമാണ് അത് വ്യക്തമാക്കുന്നത്. ഇതാണ് അദ്ദേഹം എഴുതിവിട്ടതിന്റെ അവസ്ഥയെങ്കിൽ എഴുതിവിടാതെ വാമൊഴിയായി പറഞ്ഞതിന്റെ സ്ഥിതി എന്തായിരിക്കും?

വിമർശകൻ പറയുന്നു: "സത്യത്തിൽ ഞാൻ ആ കൃതി വായിച്ചിട്ടുണ്ട്. അഹ്ലുസ്സുന്നയുടെ നിലപാടും ഞാൻ അതിൽനിന്ന് മനസ്സിലാക്കിയിട്ടുണ്ട്. ചില പണ്ഡിതന്മാരുടെ ഖണ്ഡനങ്ങൾ നിങ്ങളും കണ്ടിട്ടുണ്ടാകും. ഖണ്ഡനങ്ങൾ അവിടംകൊണ്ടാവസാനിക്കുന്നതായി ഞാൻ കരുതുന്നില്ല. തീർച്ചയായും വേറെയും ചില ഖണ്ഡനങ്ങളുമുണ്ട്. ഒരു കവി പറഞ്ഞതുപോലെ: 'ഒരു കുന്തവുമേന്തി സ്വന്തം സഹോദരൻ വരുന്നു. നിശ്ചയം, നിന്റെ പിതൃസഹോദരന്റെ മക്കളുടെ അടുക്കലും കുന്തങ്ങളുണ്ട്."

ഈ കവിതാശകലം ഉദ്ധരിച്ചതിലും അദ്ദേഹത്തിന് പിഴവു പറ്റിയിട്ടുണ്ട്. ശരിയായ രൂപത്തിലല്ല അതുദ്ധരിച്ചത്. എന്താണെങ്കിലും നമുക്ക് പറയാനുള്ള മറുപടി ഇതാണ്:

ശൈഖ് ഇബ്നു ബാസിന്റെ, നാം മുമ്പ് സൂചിപ്പിച്ച രീതിയിൽനിന്ന് വ്യത്യസ്തമായ രീതി തുടരുന്ന അഹ്ലുസ്സുന്നയുടെ പണ്ഡിതന്മാർ ഉണ്ട് എന്ന് അദ്ദേഹം പറഞ്ഞതിലൂടെ തെറ്റിദ്ധാരണ പരത്തുകയാണ് ചെയ്യുന്നത്. ഞാൻ സത്യത്തിൽ ഒരു ആയുധവുമേന്തി വന്നിട്ടില്ല. മറിച്ച്, ഞാൻ നസ്വീഹത്തോടെ ചില കാര്യങ്ങൾ ഉണർത്തുക മാത്രമാണ് ചെയ്തത്. പക്ഷേ, വിമർശകനും അതുപോലെയുള്ളവർക്കും അത് സ്വീകരിക്കാൻ കഴിയുന്നില്ല എന്നുമാത്രം. കാരണം നസ്വീഹത്ത് (ഗുണകാംക്ഷയോടെയുള്ള ഉപദേശങ്ങൾ) രോഗികൾക്ക് മരുന്ന് നൽകുന്നതുപോലെയാണ്. ചില രോഗികൾ മരുന്നിനു നല്ല കയ്പ്പുണ്ടെങ്കിലും അത് വാങ്ങി ഉപയോഗിക്കും. അതിൽനിന്ന് പ്രതീക്ഷിക്കുന്ന ഗുണങ്ങളും നേട്ടങ്ങളുമാണതിന് കാരണം. എന്നാൽ ഗുണകാംക്ഷയോടെ നൽകപ്പെടുന്ന ഉപദേശങ്ങൾ ദേഹേച്ഛകൾ തടഞ്ഞുവെച്ചിരിക്കുന്ന ചിലർ

നസ്വീഹത്ത് (ഗുണകാംക്ഷയോടെയുള്ള ഉപദേശങ്ങൾ) രോഗികൾക്ക് മരുന്ന് നൽകുന്നതുപോലെയാണ്. ചില രോഗികൾ മരുന്നിനു നല്ല കയ്പ്പുണ്ടെങ്കിലും അത് വാങ്ങി ഉപയോഗിക്കും. അതിൽനിന്ന് പ്രതീക്ഷിക്കുന്ന ഗുണങ്ങളും നേട്ടങ്ങളുമാണതിന് കാരണം. എന്നാൽ ഗുണകാംക്ഷയോടെ നൽകപ്പെടുന്ന ഉപദേശങ്ങൾ ദേഹേച്ഛകൾ തടഞ്ഞുവെച്ചിരിക്കുന്ന ചിലർക്ക് അരോചകമായിരിക്കും. അവരത് സ്വീകരിക്കില്ലെന്ന് മാത്രമല്ല, അതിനെതിരെ വിമർശനങ്ങൾ ഉന്നയിക്കുകയും ഉപദേശിച്ചവർക്കെതിരിൽ തിരിയുകയും ചെയ്യും.

ക്ക് അരോചകമായിരിക്കും. അവരത് സ്വീകരിക്കില്ലെന്ന് മാത്രമല്ല, അതിനെതിരെ വിമർശനങ്ങൾ ഉന്നയിക്കുകയും ഉപദേശിച്ചവർക്കെതിരിൽ തിരിയുകയും ചെയ്യും.

എല്ലാവർക്കും ഹിദായത്തിനും (സന്മാർഗത്തിൽ നിലനിൽക്കാനും) തൗഫീക്വിനും (റബ്ബിന്റെ അനുഗ്രഹത്തിനും) പിശാചിന്റെ കുതന്ത്രങ്ങളിൽനിന്നും കെണികളിൽനിന്നുമുള്ള രക്ഷക്കും വേണ്ടി ഞാൻ അല്ലാഹുവിനോട് തേടുകയാണ്.

ഈ വിമർശകനായ വിദ്യാർഥിയുടെ കൂടെ മറ്റു മൂന്നുപേരും കൂടി ചേർന്നിട്ടുണ്ട്. രണ്ട് ആളുകൾ മക്കയിൽനിന്നും മദീനയിൽ നിന്നുമാണ്. അവർ രണ്ടുപേരും മദീനാ ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയിലെ എന്റെ വിദ്യാർഥികളിൽപെട്ടവരുമാണ്. ഒരാൾ ഹിജ്റ 1384-1385 അധ്യയനവർഷത്തിൽ പുറത്തിറങ്ങിയ ആളും മറ്റെയാൾ ഹിജ്റ 1391-1392 അധ്യായനവർഷത്തിൽ ഇറങ്ങിയ വ്യക്തിയുമാണ്. മൂന്നാമത്തെ വ്യക്തിയാകട്ടെ നാടിന്റെ അങ്ങ് തെക്കേ അറ്റത്തുള്ളയാളാണ്. രണ്ടും മൂന്നും വ്യക്തികൾ എന്റെ കൃതി വിതരണം ചെയ്യുന്നവരെ 'മുബ്തദിഉകൾ' എന്ന് പറഞ്ഞിട്ടുണ്ട്. അത് മൊത്തത്തിലുള്ള ബിദ്അത്താരോപ ണവും അടച്ചുള്ള ആക്ഷേപവുമാണ്. അവർ അറിഞ്ഞോ ഇല്ലേ എന്നെനിക്കറിയില്ല; എന്റെ കൃതി വിതരണം ചെയ്തത് പണ്ഡിതന്മാരും മതവിദ്യാർഥികളുമാണ്. അവരെ ബിദ്അത്തുകാരെന്ന് പറയാനൊരിക്കലും ന്യായമില്ല. ഇത്തരം ബിദ്അത്ത് ആരോപണങ്ങൾക്ക് വല്ല അടിസ്ഥാനവും ന്യായങ്ങളുമുണ്ടെങ്കിൽ ഇത്തരക്കാർ അത് ശ്രദ്ധയിൽ പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

മക്ക ഹറമിലെ ഇമാമും ഖതീബുമായ ശൈഖ് അബ്ദുറഹ്മാൻ അസ്സുദൈസ് മസ്ജിദുൽ ഹറമിലെ മിമ്പറിൽ വെച്ച് നടത്തിയ ഖുത്ബയിൽ അഹ്ലുസ്സുന്നയിൽ പെട്ടവർ പരസ്പരം ആക്ഷേപങ്ങൾ ചൊരിയുന്നതിനെ വിമർശിച്ചും താക്കീത് ചെയ്തും സംസാരിച്ചത് കേൾക്കുവാൻ താൽപര്യപ്പെടുന്നു. അത് ഏറെ പ്രാധാന്യമുള്ളതും ഉപകാരപ്രദവുമാണ്.

എല്ലാവർക്കും റബ്ബ് തൃപ്തിപ്പെടുന്ന നന്മകൾക്ക് തൗഫീക് കിട്ടുവാനും മതത്തിൽ ശരിയായ ജ്ഞാനം നേടുവാനും സത്യപാതയിൽ ഉറച്ച് നിൽക്കുവാനും അനാവശ്യകാര്യങ്ങളിൽനിന്ന് വിട്ടകന്ന് ഇപ്രകാരമുള്ള നന്മകളിൽ വ്യാപൃതരാകുവാനുമൊക്കെയുള്ള അനുഗ്രഹത്തിനായി ഞാൻ അല്ലാഹുവിനോട് തേടുന്നു. തീർച്ചയായും അവൻ അത് നൽകി നമ്മെ അനുഗ്രഹിക്കാൻ കഴിവുള്ളവനും അതിന്റെ വക്താവുമാണ്. അല്ലാഹു നമ്മുടെ പ്രവാചകൻ മുഹമ്മദ് നബി(സ്വ)ക്കും അവിടുത്തെ കുടുംബത്തിനും സഹചാരികൾക്കും നന്മകൾ പ്രദാനം ചെയ്യട്ടെ.

# സൂറ: സ്വാദ്

(മക്കയിൽ അവതരിച്ചത്)

അധ്യായം 38

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

قُلْ هُوَ نَبَأٌ عَظِيمٌ ﴿٦٧﴾

67. പറയുക: അത് ഒരു ഗൗരവമുള്ള വർത്തമാനമാകുന്നു.

أَنتُمْ عَنْهُ مُعْرِضُونَ ﴿٦٨﴾

68. നിങ്ങൾ അത് അവഗണിച്ചു കളയുന്നവരാകുന്നു.

مَا كَانَ لِيَ مِنْ عِلْمٍۭ بِٱلْمَلَإِ ٱلْأَعْلَىٰٓ إِذْ يَخْتَصِمُونَ ﴿٦٩﴾

69. അത്യുന്നത സമൂഹം വിവാദം നടത്തിയിരുന്ന സന്ദർഭത്തെപ്പറ്റി എനിക്ക് യാതൊരു അറിവും ഉണ്ടായിരുന്നില്ല.

إِن يُوحَىٰٓ إِلَيَّ إِلَّآ أَنَّمَآ أَنَا۠ نَذِيرٌ مُّبِينٌ ﴿٧٠﴾

70. ഞാനൊരു സ്പഷ്ടമായ താക്കീതുകാരനായിരിക്കേണ്ടതിന് മാത്രമാണ് എനിക്ക് സന്ദേശം നൽകപ്പെടുന്നത്.

إِذْ قَالَ رَبُّكَ لِلْمَلَٰٓئِكَةِ إِنِّى خَٰلِقٌۢ بَشَرًا مِّن طِينٍ ﴿٧١﴾

71. നിന്റെ രക്ഷിതാവ് മലക്കുകളോട് പറഞ്ഞ സന്ദർഭം: തീർച്ചയായും ഞാൻ കളിമണ്ണിൽനിന്നും ഒരു മനുഷ്യനെ സൃഷ്ടിക്കാൻ പോകുകയാണ്.

فَإِذَا سَوَّيْتُهُۥ وَنَفَخْتُ فِيهِ مِن رُّوحِى فَقَعُوا۟ لَهُۥ
سَٰجِدِينَ ﴿٧٢﴾

72. അങ്ങനെ ഞാൻ അവനെ സംവിധാനിക്കുകയും അവനിൽ എന്റെ ആത്മാവിൽ നിന്ന് ഞാൻ ഊതുകയും ചെയ്താൽ നിങ്ങൾ അവന്ന് പ്രണാമം ചെയ്യുന്നവരായി വീഴണം.

فَسَجَدَ ٱلْمَلَٰٓئِكَةُ كُلُّهُمْ أَجْمَعُونَ ﴿٧٣﴾

73. അപ്പോൾ മലക്കുകൾ എല്ലാവരും ഒന്നടങ്കം പ്രണാമം ചെയ്തു;

إِلَّآ إِبْلِيسَ ٱسْتَكْبَرَ وَكَانَ مِنَ ٱلْكَٰفِرِينَ ﴿٧٤﴾

74. ഇബ്‌ലീസ് ഒഴികെ. അവൻ അഹങ്കരിക്കുകയും സത്യനിഷേധികളുടെ കൂട്ടത്തിലാകുകയും ചെയ്തു.

قَالَ يَٰٓإِبْلِيسُ مَا مَنَعَكَ أَن تَسْجُدَ لِمَا خَلَقْتُ
بِيَدَىَّ ۖ أَسْتَكْبَرْتَ أَمْ كُنتَ مِنَ ٱلْعَالِينَ ﴿٧٥﴾

75. അവൻ (അല്ലാഹു) പറഞ്ഞു: ഇബ്‌ലീസേ, എന്റെ കൈകൊണ്ട് ഞാൻ സൃഷ്ടിച്ചുണ്ടാക്കിയതിനെ നീ പ്രണമിക്കുന്നതിന് നിനക്കെന്ത് തടസ്സമാണുണ്ടായത്? നീ അഹങ്കരിച്ചിരിക്കുകയാണോ, അതല്ല നീ പൊങ്ങച്ചക്കാരുടെ കൂട്ടത്തിൽ പെട്ടിരിക്കുകയാണോ?

قَالَ أَنَا۠ خَيْرٌ مِّنْهُ ۖ خَلَقْتَنِى مِن نَّارٍ وَخَلَقْتَهُۥ مِن
طِينٍ ﴿٧٦﴾

76. അവൻ (ഇബ്‌ലീസ്) പറഞ്ഞു: ഞാൻ അവനെ(മനുഷ്യനെ)ക്കാൾ ഉത്തമനാകുന്നു. എന്നെ നീ അഗ്നിയിൽനിന്ന് സൃഷ്ടിച്ചു. അവനെ നീ കളിമണ്ണിൽനിന്നും സൃഷ്ടിച്ചു.

قَالَ فَٱخْرُجْ مِنْهَا فَإِنَّكَ رَجِيمٌ ﴿٧٧﴾

77. അവൻ (അല്ലാഹു) പറഞ്ഞു: എന്നാൽ നീ ഇവിടെനിന്ന് പുറത്തുപോകണം. തീർച്ചയായും നീ ആട്ടിയകറ്റപ്പെട്ടവനാകുന്നു.

67. (പറയുക): അവർക്ക് താക്കീതും മുന്നറിയിപ്പും പ്രചോദനവുമായി. (അത് ഗൗരവമുള്ള വർത്തമാനമാകുന്നു) അതായത്, കർമങ്ങളുടെ പ്രതിഫലത്തെക്കുറിച്ചും പുനരുത്ഥാനത്തെക്കുറിച്ചും ഞാൻ നിങ്ങളോട് പറയുന്നത് വളരെ പ്രാധാന്യമുള്ള ഒരു സന്ദേശമാണ്. അതിന് വളരെയധികം ശ്രദ്ധ നൽകണം. അത് അവഗണിക്കരുത്.

68. എന്നാൽ (നിങ്ങളത് അവഗണിച്ച് കളയുന്നവരാകുന്നു) നിങ്ങളുടെ മുന്നിൽ വിചാരണയോ പ്രതിഫലമോ ശിക്ഷയോ ഇല്ലെ

ന്ന മട്ടിൽ നിങ്ങൾ അതിൽനിന്ന് പിന്തിരിയുകയാണ്.

69,70. ഞാൻ പറയുന്നതിൽ നിങ്ങൾക്ക് സംശയമുണ്ടെങ്കിൽ, ഞാനറിയിച്ചുതരുന്നതിൽ നിങ്ങൾ ശങ്കിക്കുന്നുവെങ്കിൽ ഞാൻ നിങ്ങളോട് പറയുന്നു; എനിക്കറിവില്ലാത്തതും ഒരു ഗ്രന്ഥത്തിലും ഞാൻ വായിച്ചിട്ടില്ലാത്തതുമായ കാര്യങ്ങളെക്കുറിച്ചാണ് ഞാൻ നിങ്ങളോട് പറയുന്നത്. അതേരൂപത്തിൽ, കൂട്ടുകയോ കുറക്കുകയും ചെയ്യാതെ. എന്റെ സത്യതക്കുള്ള ഏറ്റവും വലിയ തെളിവ് ഞാൻ നിങ്ങൾക്ക് കൊണ്ടുവന്നത് തന്നെയാണ്. അതാണ് അല്ലാഹു പറഞ്ഞത്: (അത്യുന്നത സമൂഹത്തെക്കുറിച്ച് എനിക്ക് യാതൊരു അറിവും ഉണ്ടായിരുന്നില്ല) മലക്കുകളെ കുറിച്ച്. (വിവാദം നടത്തിയിരുന്ന സന്ദർഭം) അല്ലാഹു എന്നെ അറിയിക്കുകയും വെളിപ്പെടുത്തുകയും ചെയ്തില്ലായിരുന്നുവെങ്കിൽ, ആ വെളിപ്പെടുത്തലിനെക്കുറിച്ചാണ് പറയുന്നത്. (ഞാനൊരു സ്പഷ്ടമായ താക്കീതുകാരനായിരിക്കേണ്ടതിന് മാത്രമാണ് എനിക്ക് സന്ദേശം നൽകപ്പെടുന്നത്) വ്യക്തമായ താക്കീതു നൽകാൻ വേണ്ടിയാണ് വഹ്യ് ലഭിച്ചത്. നബിയെക്കാൾ വലിയ താക്കീതുകാരനില്ല.

71,72. ഉന്നതലോകത്തുള്ളവരുടെ തർക്കത്തെക്കുറിച്ചാണ് തുടർന്ന് അല്ലാഹു പറയുന്നത്. (നിന്റെ രക്ഷിതാവ് മലക്കുകളോട് പറഞ്ഞ സന്ദർഭം ഓർക്കുക) വിവരമറിയിക്കുന്ന രൂപമാണിവിടെ.

(തീർച്ചയായും ഞാൻ കളിമണ്ണിൽനിന്നും ഒരു മനുഷ്യനെ സൃഷ്ടിക്കാൻ പോകുകയാണ്) അവന്റെ നിർമാണ പദാർഥം കളിമണ്ണായിരിക്കും. (അങ്ങനെ ഞാനവനെ സംവിധാനിക്കുകയും) അതായത് അവന്റെ ശരീരത്തെ ശക്തിപ്പെടുത്തി. അങ്ങനെ ശരീരം പൂർണമായി. (അവനിൽ എന്റെ ആത്മാവിൽ നിന്ന് ഞാൻ ഊതുകയും ചെയ്താൽ നിങ്ങൾ അവന് സജൂദ് ചെയ്യുന്നവരായി വീഴണം) സൃഷ്ടി പൂർത്തിയാവുകയും ആത്മാവ് അവനിലേക്ക് ഊതുകയും ചെയ്തപ്പോൾ തങ്ങളുടെ രക്ഷിതാവിന്റെ കല്പന അനുസരിക്കാൻ; ആദമിന് ആദരവ് എന്ന നിലക്കും. ശരീരവും ആത്മാവും നൽകി ആദമി(അ)ന്റെ സൃഷ്ടി പൂർത്തിയാപ്പോൾ ആദരണീയരായ മലക്കുകൾ അത് ചെയ്യാൻ തയ്യാറായി. ആദമിനെയും മലക്കുകളെയും അറിവിന്റെ കാര്യത്തിൽ പരീക്ഷിക്കുകയുണ്ടായി. അവരെക്കാൾ അദ്ദേഹത്തിനുള്ള ശ്രേഷ്ഠത വെളിപ്പെട്ടു. അവനവരോട് സുജൂദ് ചെയ്യാൻ കൽപിക്കുകയും ചെയ്തു.

73,74. (അപ്പോൾ മലക്കുകൾ എല്ലാവരും ഒന്നടങ്കം സുജൂദ് ചെയ്തു, ഇബ്‌ലീസൊഴികെ) അവൻ സുജൂദ് ചെയ്തില്ല. (അവൻ അഹങ്കരിക്കുകയും ചെയ്തു) അവൻ തന്റെ നാഥനെ അനുസരിക്കാൻ കഴിയാത്തവിധം അഹങ്കാരിയായിരുന്നു. ആദമിനോടും അവൻ അഹങ്കാരം കാണിച്ചു. (സത്യനിഷേധികളുടെ കൂട്ടത്തിൽ ആവുകയും ചെയ്തു).

75. ഇബ്‌ലീസിനെ ശാസിച്ചുകൊണ്ട് അല്ലാഹു പറഞ്ഞു: (ഇബ്‌ലീസേ, എന്റെ കൈ കൊണ്ട് ഞാൻ സൃഷ്ടിച്ചുണ്ടാക്കിയതിനെ നീ സുജൂദ് ചെയ്യുന്നതിന് നിനക്കെന്ത് തടസ്സമാണുണ്ടായത്?) അതായത്, ഞാൻ അദ്ദേഹത്തെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്തു. മറ്റു സൃഷ്ടികൾക്കില്ലാത്ത പ്രത്യേകതകൾ നൽകി. അതിനാൽ അദ്ദേഹത്തോട് അഹങ്കാരം കാണിക്കാൻ പാടില്ലായിരുന്നു എന്നർഥം. (നീ അഹങ്കരിച്ചിരിക്കുകയാണോ) ചെയ്യാതിരിക്കുന്നതിലൂടെ. (അതല്ല, നീ പൊങ്ങച്ചക്കാരുടെ കൂട്ടത്തിൽ പെട്ടിരിക്കയാണോ?) ലോകരിൽ അഹങ്കരിച്ചവരുടെ കൂട്ടത്തിൽ

76. (പറഞ്ഞു) ഇബ്‌ലീസ് തന്റെ രക്ഷിതാവിനെ എതിർത്തുകൊണ്ടും ഖണ്ഡിച്ചുകൊണ്ടും പറഞ്ഞു: (ഞാൻ അവനെക്കാൾ ഉത്തമനാകുന്നു. എന്നെ നീ അഗ്നിയിൽനിന്ന് സൃഷ്ടിച്ചു. അവനെ നീ കളിമണ്ണിൽനിന്ന് സൃഷ്ടിച്ചു) അവന്റെ അവകാശവാദമനുസരിച്ച് തീയുടെ മൂലകം കളിമണ്ണിന്റെ മൂലകത്തെക്കാൾ ശ്രേഷ്ഠമാണ്. ഇത് തെറ്റായ തുലനം ചെയ്യലാണ്. അഗ്നി എന്നത് തിന്മ, കുഴപ്പം, അഹങ്കാരം, വിഡ്ഢിത്തം, മര്യാദകേട് എന്നിവയുടെ പദാർഥമാണ്. എന്നാൽ കളിമണ്ണ് മാന്യതയുടെയും വിനയത്തിന്റെയും പര്യായമാണ്. അത് എല്ലാതരം വൃക്ഷങ്ങളെയും ചെടികളെയും ഉൽപാദിപ്പിക്കുന്നു. അത് തീയിനെ ജയിക്കുന്നു. കെടുത്തുകയും ചെയ്യുന്നു. തീയിന് നിലനിൽക്കാൻ എന്തെങ്കിലും വേണം. കളിമണ്ണ് സ്വയം നിലനിൽക്കുന്നു.

താൻ ആദമിനെക്കാൾ ശ്രേഷ്ഠനാണ് എന്ന വാദം അല്ലാഹുവിന്റെ വാക്കാലുള്ള കല്പനയെ എതിർത്ത ദുഷ്ടജനങ്ങളുടെ നേതാവിന്റെ വാദമാണ്. ഇത് വ്യക്തമായും തെറ്റും പിഴച്ച തുലനവുമാണ്. സത്യത്തെ എതിർക്കുന്ന വിദ്യാർഥികൾ തുലനം ചെയ്തതിന്റെ അവസ്ഥ എന്തായിരിക്കും! അതെല്ലാം ഇതിനെക്കാൾ പിഴച്ച കാര്യങ്ങളാണ്.

77. (അവൻ പറഞ്ഞു) അല്ലാഹു അവനോട് പറഞ്ഞു: (എന്നാൽ, നീ ഇവിടെനിന്ന് പുറത്തു പോകണം) ഉപരിലോകത്തുനിന്ന്, ആദരണീയ സ്ഥാനത്തുനിന്ന്. (തീർച്ചയായും നീ ആട്ടിയകറ്റപ്പെട്ടവനാകുന്നു) വിദൂരമാക്കപ്പെട്ടവൻ, ആട്ടിയോടിക്കപ്പെട്ടവൻ.

ഉസ്മാൻ പാലക്കാഴി
: 9656 292 244



# നാവിനുമുണ്ട് നോമ്പ്

അബൂഹുറയ്‌റ(റ) നിവേദനം; നബി(സ്വ) പറഞ്ഞു: "സത്യവിരുദ്ധമായ വാക്കും തദനുസൃതമായ പ്രവർത്തനവും ഒരാൾ ഒഴിവാക്കുന്നില്ലെങ്കിൽ അയാൾ അന്നപാനീയങ്ങൾ ഒഴിവാക്കുന്നതിൽ അല്ലാഹുവിന് യാതൊരു ആവശ്യവുമില്ല" (ബുഖാരി)

ഒരു സമൂഹത്തിന്റെ ഭാഗമായി ജീവിക്കുമ്പോൾ ആളുകളിൽനിന്ന് നമുക്ക് ഇഷ്ടമില്ലാത്ത പെരുമാറ്റവും സംസാരവുമൊക്കെ നേരിടേണ്ടിവന്നേക്കാം. ആ സമയത്ത് ധാർമികബോധമുള്ള വിശ്വാസിയുടെ നിലപാട് എങ്ങനെയായിരിക്കണമെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്:

"നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അതുകൊണ്ട് നീ (തിന്മയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റബന്ധു എന്നോണം ആയിത്തീരുന്നു" (41:34).

നോമ്പ് ഏറെ പ്രതിഫലാർഹവും പരിശുദ്ധവുമായ ആരാധനയാണ്. അത് അന്നപാനീയങ്ങൾ മാത്രം വെടിയലല്ല. നോമ്പുകാരന്റെ മുഴുവൻ അവയവങ്ങളും മനസ്സും അതിൽ പങ്കുചേരണം. നോമ്പിന്റെ പ്രതിഫലം നഷ്ടപ്പെടുത്തുവാൻ കാരണമായിത്തീരുന്നവിധം നാവിനെ ഉപയോഗിക്കുന്ന ചിലരുണ്ട്. അവർക്കൊരു താക്കീതാണ് മുകളിൽ കൊടുത്ത പ്രവാചക വചനം.

നബി(സ്വ) പറഞ്ഞു: "എത്രയെത്ര നോമ്പുകാരുണ്ട്! നോമ്പുകൊണ്ട് അവർക്കു കിട്ടുന്ന മിച്ചം ദാഹവും വിശപ്പും മാത്രമാകുന്നു" (അഹ്‌മദ്, ഇബ്നുമാജ, ബൈഹഖി).

മറ്റുള്ളവരുടെ കുറ്റവും കുറവും ചികഞ്ഞ് നടക്കുകയും അത് സമൂഹത്തിൽ പ്രചരിപ്പിക്കുകയും ചെയ്യുക എന്നത് അധാർമിക പ്രവർത്തനമാണ്, വലിയ തിന്മയാണ്:

"സത്യവിശ്വാസികളേ, ഊഹത്തിൽ മിക്കതും നിങ്ങൾ വെടിയുക. തീർച്ചയായും ഊഹത്തിൽ ചിലത് കുറ്റമാകുന്നു. നിങ്ങൾ ചാരവൃത്തി നടത്തുകയും അരുത്. നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദുഷിച്ചുപറയുകയും അരുത്. തന്റെ സഹോദരൻ മരിച്ചുകിടക്കുമ്പോൾ അവന്റെ മാംസം ഭക്ഷിക്കുവാൻ നിങ്ങളാരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അത് (ശവം തിന്നുന്നത്) നിങ്ങൾ വെറുക്കുകയാണു ചെയ്യുന്നത്. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു" (49:12).

നബി(സ്വ) പറഞ്ഞു: "അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ നല്ലത് പറയട്ടെ, അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ' (ബുഖാരി).

"നിനക്ക് അറിവില്ലാത്ത യാതൊരു കാര്യത്തിന്റെയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെപ്പറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്" (17:36).

"...നിങ്ങൾ സംസാരിക്കുകയാണെങ്കിൽ നീതി പാലിക്കുക. അതൊരു ബന്ധുവിന്റെ കാര്യത്തിലായിരുന്നാലും..." (6:152).

'ആരെങ്കിലും ഒരു കുട്ടിയെ ഒരു സാധനം കൊടുക്കാമെന്ന് പറഞ്ഞ് വിളിച്ചു വരുത്തി കൊടുക്കാ തിരുന്നാൽ അതൊരു നുണ പറച്ചിലായി' (അഹ്‌മദ്).

ജനങ്ങളെ ചിരിപ്പിക്കാനായിട്ടാണെങ്കിലും നുണ പറയുന്നത് ഇസ്‌ലാം വിരോധിച്ചിട്ടുണ്ട്.

വിവ. അബ്ദുൽ ജബ്ബാർ മദീനി

# കച്ചവടച്ചരക്കുകളുടെയും ഉൽപന്നങ്ങളുടെയും സകാത്ത്

"നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ നല്ല വസ്തുക്കളിൽനിന്നും
ഭൂമിയിൽനിന്ന് നിങ്ങൾക്കു നാം ഉൽപാദിപ്പിച്ചു
തന്നതിൽനിന്നും നിങ്ങൾ ചെലവഴിക്കുവിൻ"
(ക്വുർആൻ 2:267).

## കച്ചവടച്ചരക്കിന്റെ സകാത്ത്

അർദ്, അറദ് എന്നീ പദങ്ങളുടെ ബഹുവചനമാണ് (ചരക്കുകൾ എന്നർഥമുള്ള) ഉറൂദ്. ഏത് വർഗത്തിൽ പെട്ടതാണെങ്കിലും ഒരു മുസ്‌ലിം കച്ചവടം ചെയ്യുവാൻ ഒരുക്കിയതാണത്. സകാത്തു നൽകേണ്ട സ്വത്തിനെക്കാൾ വിപുലവും അവയെയെല്ലാം ഉൾക്കൊള്ളുന്നതുമാണ് ഉറൂദ്. അതിനെ പ്രദർശിപ്പിക്കുകയും അതു നീങ്ങുകയും ചെയ്യുന്നതിനാൽ അതിനു സ്ഥായീഭാവമില്ലാത്തതിനാലാണ് ഈ പേരു വെക്കപ്പെട്ടത്. കാരണം കച്ചവടക്കാരൻ ഈ ചരക്കിനെ ഉദ്ദേശിക്കുന്നില്ല. പ്രത്യുത നാണയങ്ങളായി അതിന്റെ ലാഭമാണ് ഉദ്ദേശിക്കുന്നത്.

കച്ചവടച്ചരക്കിൽ സകാത്തു നിർബന്ധമാണ്. താഴെ വരുന്ന വിശുദ്ധ വചനങ്ങളുടെ പൊതുതാൽപര്യമാണ് അത് അറിയിക്കുന്നത്. അല്ലാഹു പറഞ്ഞു: "അവരുടെ സ്വത്തുക്കളിലാകട്ടെ ചോദിക്കുന്നവന്നും (ഉപജീവനം) തടയപ്പെട്ടവന്നും ഒരു അവകാശമുണ്ടായിരിക്കുകയും ചെയ്യും" (ക്വുർആൻ 51:19).

"സത്യവിശ്വാസികളേ, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ നല്ല വസ്തുക്കളിൽനിന്നു നിങ്ങൾ ചെലവഴിക്കുവിൻ" (ക്വുർആൻ 2:267).

നബി(സ്വ) മുആദ് ഇബ്നുജബലി(റ)നോടു പറഞ്ഞു: "...അവരുടെ സമ്പത്തുകളിൽ അല്ലാഹു അവർക്കു സകാത്ത് നിർബന്ധമാക്കിയിരിക്കുന്നുവെന്ന് അറിയിക്കുക. സകാത്ത് അവരിലെ ധനികന്മാരിൽനിന്നു വാങ്ങി അവരിലെ സാധുക്കളിലേക്കു തിരിച്ചുവിടണം."

കച്ചവടച്ചരക്കുകൾ സമ്പത്താണെന്നതിൽ യാതൊരു സംശയവുമില്ല. കച്ചവടച്ചരക്കിൽ സകാത്തു നിർബന്ധമാകുവാനുള്ള ശർത്ത്വുകൾ (നിബന്ധനകൾ):

1. വാങ്ങുക, സമ്മാനം സ്വീകരിക്കുകപോലെ തന്റെ പ്രവൃത്തിയിലൂടെ അതിനെ ഉടമപ്പെടുത്തുക.
2. കച്ചവടം നിയ്യത്താക്കി അത് ഉടമപ്പെടുത്തുക.
3. അതിന്റെ തുകക്ക് നിസ്വാബ് എത്തുക. തുടക്കത്തിൽ സൂചിപ്പിച്ച, സകാത്തിന്റെ അഞ്ചു ശർത്ത്വുകൾ ഇതിലേക്കു ചേർക്കുന്നതോടൊപ്പമാണിത്.

കച്ചവടച്ചരക്കുകൾക്ക് വർഷം തികഞ്ഞാൽ സ്വർണം അല്ലെങ്കിൽ വെള്ളി എന്നീ നാണയങ്ങളിലൊന്നു കൊണ്ട് അവയെ വിലകെട്ടുകയും പ്രസ്തുത വില നിസ്വാബ് എത്തിയതാവുകയും




ചെയ്താൽ അതിൽ പത്തിലൊന്നിന്റെ നാലിലൊന്ന് (രണ്ടര ശതമാനം) സകാത്ത് നിർബന്ധമായി.

ചരക്കുകൾ വാങ്ങിയപ്പോഴുള്ള വിലനിർണയം പരിഗണനീയമല്ല. കാരണം, സാധനങ്ങളുടെ വില കൂടിയും കുറഞ്ഞും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. വർഷം തികയുമ്പോഴുള്ള വില മാത്രമാണ് സകാത്ത് കൊടുക്കുവാൻ പരിഗണിക്കുക.

## ഉൽപന്നങ്ങളുടെ സകാത്ത്

*നിർബന്ധമാകുന്ന സമയവും അതിന്റെ തെളിവും:*

ഭൂമിയിലെ ഉൽപന്നങ്ങൾക്കു സകാത്ത് നിർബന്ധമാണെന്നതിനു വിശുദ്ധ വചനമാണ് അടിസ്ഥാനം. അല്ലാഹു പറഞ്ഞു: "സത്യവിശ്വാസികളേ, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ നല്ല വസ്തുക്കളിൽനിന്നും, ഭൂമിയിൽനിന്ന് നിങ്ങൾക്കു നാം ഉൽപാദിപ്പിച്ചു തന്നതിൽനിന്നും നിങ്ങൾ ചെലവഴിക്കുവിൻ" (ക്വുർആൻ 2:267).

പാലുറക്കുകയും മൂക്കുകയും ചെയ്താൽ ധാന്യങ്ങൾക്കു സകാത്തു നിർബന്ധമായി. ഭക്ഷ്യയോഗ്യമാം വിധം നല്ലനിലയിൽ ഫലങ്ങളായിത്തീരുന്നതിലൂടെ നിലനിൽപ്പ് വെളിപ്പെട്ടാൽ ഫലങ്ങളിലും സകാത്ത് നിർബന്ധമായി. വർഷം തികയൽ അതിൽ ശർത്വാക്കപ്പെടുകയില്ല. കാരണം, അല്ലാഹു പറഞ്ഞു:

"അതിന്റെ വിളവെടുപ്പുദിവസം അതിലുള്ള ബാധ്യത നിങ്ങൾ കൊടുത്തുവീട്ടുകയും ചെയ്യുക" (ക്വുർആൻ 6:141).

ഗോതമ്പ്, ബാർലി, കമ്പം, നെല്ല്, കാരക്ക, ഉണക്ക മുന്തിരി പോലുള്ള ഫലങ്ങളിൽ നിന്നും ധാന്യങ്ങളിൽനിന്നും മുദ്ദഖറും (സൂക്ഷിച്ചു വെക്കപ്പെടുന്നത്) മകീലും (അളക്കപ്പെടുന്നത്) ആയതിലെല്ലാം സകാത്ത് നിർബന്ധമാകുന്നു. പഴങ്ങളിലും പച്ചക്കറികളിലും സകാത്തു നിർബന്ധമാവുകയില്ല. അവ ധാന്യങ്ങളും ഫലങ്ങളും മകീലും മുദ്ദഖറുമല്ലാത്ത കാലത്തോളം അവയിൽ സകാത്തില്ല.

## കാർഷിക വിളകളിൽ സകാത്തിന്റെ ശർത്വുകൾ

ധാന്യങ്ങളിലും ഫലങ്ങളിലും സകാത്തു നിർബന്ധമാകുവാൻ രണ്ടു നിബന്ധനകളുണ്ട്:

1. നിസ്വാബ് എത്തൽ. അഞ്ചു വസ്ക്വാകുന്നു അത്. നബി (സ്വ) പറഞ്ഞു: "അഞ്ചു വസ്ക്വിനു താഴെയുള്ള കാർഷികോൽപന്നങ്ങൾക്കു സകാത്തില്ല."

ഒരു 'വസ്ക്വ്' ഒരു ഒട്ടകം വഹിക്കുന്ന ഭാരമാകുന്നു. നബി(സ്വ) ഉപയോഗിച്ചിരുന്ന സ്വാഉകൊണ്ട് അറുപതു സ്വാഉകുന്നു അത്. അഞ്ചു വസ്ക്വ് മുന്നൂറു സ്വാഅ് ആകുന്നു. അപ്പോൾ ഒരു സ്വാഇന്റെ തൂക്കം രണ്ടു കിലോ നാനൂറു ഗ്രാം എന്ന പരിഗണനയിൽ മുന്തിയതരം ഗോതമ്പിന്റെ നിസ്വാബിനുള്ള തൂക്കം ഏകദേശം അറുന്നൂറ്റി പന്ത്രണ്ട് കിലോ ആകുന്നു.

2. സകാത്ത് നിർബന്ധമാകുന്ന സമയത്ത് നിസ്വാബിനെ അയാൾ ഉടമപ്പെടുത്തിയിരിക്കണം.

*നിർബന്ധമായി നൽകേണ്ട വിഹിതം:*

നനയില്ലാതെതന്നെ വേരുകൾ വലിച്ചെടുത്തോ നദിയിലെ വെള്ളം ഉപജീവിച്ചോ ചെലവു കൂടാതെ വെള്ളം ലഭിച്ചുണ്ടായ ധാന്യങ്ങളിലും കായ്കനികളിലും പത്തിലൊന്നും ബക്കറ്റുകളോ

ആധുനിക യന്ത്രങ്ങളോ മൃഗങ്ങളെയുപയോഗിച്ചു തേവിയോ മറ്റോ ചെലവോടുകൂടി വെള്ളം നനച്ചുണ്ടാക്കിയതിൽ ഇരുപതിലൊന്നുമാണ് നിർബന്ധമായ സകാത്ത്. തിരുനബി(സ്വ) പറഞ്ഞു:

“മഴവെള്ളമോ നദികളിലെയും അരുവികളിലെയും വെള്ളമോ ഉപജീവിച്ചുണ്ടായ കൃഷിയുൽപന്നങ്ങൾക്കും നനയില്ലാതെതന്നെ വേരുകൾ വലിച്ചെടുത്തുണ്ടാകുന്ന കൃഷിയുൽപന്നങ്ങൾക്കും പത്തിലൊ ന്നാകുന്നു(പത്തുശതമാനം) സകാത്ത്. തേവി നനച്ചുണ്ടാക്കിയ കൃഷിയുൽപന്നങ്ങൾക്ക് പത്തിലൊന്നിന്റെ പകുതിയും (അഞ്ചു ശതമാനവും)”

### തേനിന്റെ സകാത്ത്

പണ്ഡിതന്മാരിൽ ഭൂരിപക്ഷവും തേനിൽ സകാത്തില്ല എന്ന അഭിപ്രായക്കാരാണ്. അതാണ് പ്രബലമായ അഭിപ്രായവും. കാരണം, വിശുദ്ധ ക്വുർആനിലും തിരുസുന്നത്തിലും തേനിൽ സകാത്തു നിർബന്ധമാണെന്നറിയിക്കുന്ന വ്യക്തവും സ്വഹീഹുമായ യാതൊരു തെളിവും വന്നിട്ടില്ല. സകാത്ത് നിർബന്ധമാണെന്നറിയിക്കുന്ന തെളിവു സ്ഥിരപ്പെടുന്നതുവരെ തേൻ സകാത്തിൽനിന്ന് ഒഴിവാണ് എന്നതാണ് അടിസ്ഥാനം. ഇമാം ശാഫിഈ പറഞ്ഞു: “തേനിൽ പത്തിലൊന്ന് സകാത്തുണ്ട് എന്നറിയിക്കുന്ന ഹദീസ് ദുർബ ലമാണ്. അതിൽനിന്ന് സ്വീകരിക്കപ്പെടുകയില്ല എന്നറിയിക്കുന്ന ഹദീസും ദുർബലമാണ്.” എന്നാൽ ഉമർ ഇബ്നു അബ്ദിൽഅസീസിൽനിന്ന് ഇപ്രകാരം വന്നിട്ടുണ്ട്: “എന്റെ അഭിപ്രായം അതിൽനിന്ന് സകാത്ത് സ്വീകരിക്കപ്പെടരുത് എന്നാണ്. കാരണം, സകാത്ത് സ്വീകരിക്കപ്പെടുന്ന വസ്തുക്കളുടെ വിഷയത്തിൽ സുന്നത്തുകളും അസറുകളും സ്ഥിരപ്പെട്ടിട്ടുണ്ട്. തേനിന്റെ വിഷയത്തിൽ സുന്നത്തു സ്ഥിരപ്പെട്ടിട്ടില്ല. അപ്പോൾ അത് സകാത്തിൽനിന്ന് ഒഴിവാക്കപെട്ടതുപോലെയാണ്.” ഇമാം ഇബ്നുൽമുൻദിർ പറഞ്ഞു: “തേനിൽ സകാത്ത് നിർബന്ധമെന്നറിയിക്കുന്ന യാതൊരു ഹദീസും സ്ഥിരപ്പെട്ടിട്ടില്ല.”

പണ്ഡിതന്മാരിൽ ഭൂരിപക്ഷവും തേനിൽ സകാത്തില്ല എന്ന അഭിപ്രായക്കാരാണ്. അതാണ് പ്രബലമായ അഭിപ്രായവും. കാരണം, വിശുദ്ധ ക്വുർആനിലും തിരുസുന്നത്തിലും തേനിൽ സകാത്തു നിർബന്ധമാണെന്നറിയിക്കുന്ന വ്യക്തവും സ്വഹീഹുമായ യാതൊരു തെളിവും വന്നിട്ടില്ല. സകാത്ത് നിർബന്ധമാണെന്നറിയിക്കുന്ന തെളിവു സ്ഥിരപ്പെടുന്നതുവരെ തേൻ സകാത്തിൽനിന്ന് ഒഴിവാണ് എന്നതാണ് അടിസ്ഥാനം.

### രികാസിലുള്ള സകാത്ത്

ജാഹിലിയ്യത്തിൽ(ഇസ്‌ലാമിനു മുമ്പുള്ള കാലങ്ങളിൽ) കുഴിച്ചുമൂടപ്പെട്ടതും (നിധി) കുഫ്റിന്റെ ചിഹ്നമു ള്ളതുമായ സ്വർണം, വെള്ളി, തുടങ്ങിയ വസ്തുക്കൾ കാണപ്പെടുന്നതാണ് രികാസ്. അതു പണം കൊടുത്തു നേടിയെടുക്കുന്നതോ ചെലവോ കൂടുതൽ അധ്വാനമോ ആവശ്യമായതല്ല. പണം ആവശ്യപ്പെടുന്നതോ കൂടുതൽ അധ്വാനം ആവശ്യമായതോ രികാസല്ല. രികാസ് കൂടുതലായാലും കുറ വായാലും അതിൽ അഞ്ചിലൊന്ന്(ഇരുപത് ശതമാനം) സകാത്ത് നിർബന്ധമാണ്. വർഷം തികയലും നിസ്വാബ് എത്തലും അതിൽ ശർത്ത്വാക്കപ്പെടുകയില്ല. തിരുവചനത്തിന്റെ പൊതുതാൽപര്യമറിയിക്കുന്നത് അതാണ്. തിരുനബി(സ്വ) പറഞ്ഞു:

“രികാസിൽ അഞ്ചിലൊന്നാകുന്നു സകാത്ത്.” അത് മുസ്‌ലിംകളുടെ പൊതുനന്മകളിൽ വിനിയോഗിക്കപ്പെടേണ്ട ‘ഫയ്അ്’ സ്വത്താകുന്നു. അത് ഒരു നിർണിത സ്വത്തായിരിക്കണമെന്ന് നിബന്ധനയില്ല. സ്വർണമോ വെള്ളിയോ മറ്റേതെങ്കിലും വസ്തുക്കളോ ആയാലും അതിന്റെ അഞ്ചിലൊന്നു സകാത്തു നൽകുകയാണുവേണ്ടത്.

അവിശ്വാസികളുടെ പേരുകൾ എഴുതുക, അവരുടെ രൂപങ്ങൾ കൊത്തുക തുടങ്ങിയുള്ള കുഫ്റിന്റെ അടയാളങ്ങൾകൊണ്ട് അതു ജാഹിലിയ്യത്തിലെ നിധികളിൽ പെട്ടതാണെന്നു അറിയപ്പെടും.

‘മഅ്ദിൻ’ (ഖനി) എന്നാൽ ഭൂവർഗത്തിൽപെടാത്തതും(മണ്ണ്, മണൽ, പാറപോലെ) സസ്യലതാതിക ളല്ലാത്തതുമായ ഭൂമിയിൽനിന്ന് പിറവിയെടുക്കുന്നതെല്ലാമാണ്. അതു പെട്രോൾ, ടാർ പോലെ ഒഴുകുന്നതാകട്ടെ, അല്ലെങ്കിൽ ഇരുമ്പ്, ചെമ്പ്, സ്വർണം, വെള്ളി, മെർക്കുറി എന്നിവപോലെ ഘര രൂപത്തിലുള്ളതാ കട്ടെ. മുമ്പ് ഉണർത്തിയതുപോലെ അവയിൽ സകാത്തു നിർബന്ധമാണെന്നതിൽ പണ്ഡിതന്മാരുടെ ഏകാഭിപ്രായമുണ്ട്. ഭൂഉൽപന്നങ്ങൾക്ക് സകാത്തു നിർബന്ധമാണെന്ന വിഷയത്തിൽ വന്ന പ്രമാണവചന ങ്ങളുടെ പൊതുതാൽപര്യമറിയിക്കുന്നത് അതാണ്.

അല്ലാഹു പറഞ്ഞു: “നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ നല്ല വസ്തുക്കളിൽനിന്നും ഭൂമിയിൽനിന്ന് നിങ്ങൾ ക്കു നാം ഉൽപാദിപ്പിച്ചു തന്നതിൽനിന്നും നിങ്ങൾ ചെലവഴിക്കുവിൻ” (ക്വുർആൻ 2:267). ■



സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി
: 98467 97157

# ദാനധർമങ്ങളുടെ തണൽ

ദാനധർമംചെയ്യൽ ഏതു സമയത്തും സുന്നത്തായ കാര്യമാണ്. അല്ലാഹു അതിന് കൽപിക്കുകയും അതിന്റെ മഹത്ത്വം എടുത്തു പറയുകയും ചെയ്തിട്ടുണ്ട്. അല്ലാഹു പറയുന്നു: “അല്ലാഹുവിന് ഉത്തമമായ കടം നൽകുന്നവനാരുണ്ട്? എങ്കിൽ അല്ലാഹു അതവന് അനേകം ഇരട്ടികളായി വർധിപ്പിച്ച് കൊടുക്കുന്നതാണ്” (ക്വുർആൻ 2:245).

നബി(സ്വ) പറയുന്നു: “ഒരു കാരക്കയുടെയത്ര ആരെങ്കിലും നല്ല സമ്പത്തിൽനിന്ന് ധർമം ചെയ്യുകയാണെങ്കിൽ (അല്ലാഹു നല്ലതല്ലാതെ സ്വീകരിക്കുകയില്ല) അല്ലാഹു അത് തന്റെ വലതുകൈകൊണ്ട് സ്വീകരിക്കുകയും, ഒരാൾ തന്റെ ഒട്ടകക്കുട്ടിയെ വളർത്തുന്നതുപോലെ വളർത്തുകയും ചെയ്യും” (ബുഖാരി, മുസ്‌ലിം).

ഈ വിഷയകമായി ഒരുപാട് ഹദീസുകൾ കാണാനാവുന്നതാണ്.

> “നീ ആരോഗ്യവാനായിരിക്കെ, സമ്പത്തിന് അത്യാവശ്യക്കാരനായിരിക്കെ, സമ്പന്നത പ്രതീക്ഷിച്ച്, ദാരിദ്ര്യം ഭയക്കുന്ന വേളയിലുള്ള ദാനമാണ് നല്ലത്. മരണം തൊണ്ടക്കുഴിയിലെത്തുന്നതുവരെ നീ നീട്ടിക്കൊണ്ടുപോകരുത്. ആ സമയം നീ പറയും: ‘ഇന്നയാൾക്ക് ഇന്ന സ്വത്ത് നൽകണം, ഇന്ന വ്യക്തിക്ക് ഇന്ന സ്വത്ത് നൽകുക”
> (ബുഖാരി, മുസ്‌ലിം, അബൂദാവൂദ്, നസാഈ).

**ശ്രേഷ്ഠമായ ദാനധർമങ്ങൾ**

രഹസ്യമായ ദാനധർമങ്ങൾ: രഹസ്യമായ സ്വദക്വകളാണ് ഏറ്റവും ശ്രേഷ്ഠമായത്. കാരണം ലോകമാന്യത്തിൽനിന്നും അത് മുക്തമാണ്. എന്നാൽ ആളുകൾ പിൻപറ്റാൻ വേണ്ടിയും അവർക്ക് പ്രചോദനമായും പരസ്യമായി നൽകാവുന്നതുമാണ്. അല്ലാഹു പറയുന്നു:

“നിങ്ങൾ ദാനധർമങ്ങൾ പരസ്യമായി ചെയ്യുന്നുവെങ്കിൽ അത് നല്ലതുതന്നെ. എന്നാൽ നിങ്ങളത് രഹസ്യമാക്കുകയും ദരിദ്രർക്ക് കൊടുക്കുകയുമാണെങ്കിൽ അതാണ് നിങ്ങൾക്ക് കൂടുതൽ ഉത്തമം” (2:271)

സന്മനസ്സോടെ നൽകുക. കൊടുത്തത് എടുത്തുപറയാതിരിക്കുക. നൽകിയ സ്വദക്വകൾ എടുത്തു പറയുകയാണെങ്കിൽ അതിന്റെ പ്രതിഫലം നിഷ്ഫലമായിപ്പോകും.

“അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവഴിക്കുകയും എന്നിട്ടതിനെ തുടർന്ന്, ചെലവ് ചെയ്തത് എടുത്തുപറയുകയോ ശല്യപ്പെടുത്തുകയോ ചെയ്യാതിരിക്കുകയും ചെയ്യുന്നവർ ആരോ അവർക്ക് തങ്ങളുടെ

രക്ഷിതാവിങ്കൽ അവർ അർഹിക്കുന്ന പ്രതിഫലമുണ്ടായിരിക്കും. അവർക്ക് യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല" (2:262).

"സത്യവിശ്വാസികളേ, (കൊടുത്തത്) എടുത്തുപറഞ്ഞുകൊണ്ടും ശല്യമുണ്ടാക്കിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ ദാനധർമങ്ങളെ നിഷ്ഫലമാക്കിക്കളയരുത്. അല്ലാഹുവിലും പരലോകത്തിലും വിശ്വാസമില്ലാതെ, ജനങ്ങളെ കാണിക്കുവാൻ വേണ്ടി ധനം ചെലവുചെയ്യുന്നവനെപ്പോലെ നിങ്ങളാകരുത്. അവനെ ഉപമിക്കാവുന്നത് മുകളിൽ അൽപം മണ്ണ് മാത്രമുള്ള മിനുസമുള്ള ഒരു പാറയോടാകുന്നു. ആ പാറമേൽ ഒരു കനത്ത മഴ പതിച്ചു. ആ മഴ അതിനെ ഒരു മൊട്ടപ്പാറയാക്കി മാറ്റിക്കളഞ്ഞു. അവർ അധ്വാനിച്ചതിന്റെ യാതൊരു ഫലവും കരസ്ഥമാക്കാൻ അവർക്ക് കഴിയില്ല..."(2:264).

ആരോഗ്യമുള്ള സന്ദർഭത്തിൽ നൽകുക: ആരോഗ്യമുള്ള സമയത്ത് ദാനം നൽകലാണ് ഉത്തമം. കാരണം ഏതു ദാനമാണ് ഏറ്റവും നല്ലതെന്ന് ചോദിച്ചപ്പോൾ നബി(സ്വ) പറഞ്ഞു:

"നീ ആരോഗ്യവാനായിരിക്കെ, സമ്പത്തിന് അത്യാവശ്യക്കാരനായിരിക്കെ, സമ്പന്നത പ്രതീക്ഷിച്ച്, ദാരിദ്ര്യം ഭയക്കുന്ന വേളയിലുള്ള ദാനമാണ് നല്ലത്. മരണം തൊണ്ടക്കുഴിയിലെത്തുന്നതുവരെ നീ നീട്ടിക്കൊണ്ടുപോകരുത്. ആ സമയം നീ പറയും: 'ഇന്ന യാൾക്ക് ഇന്നസ്വത്ത് നൽകണം, ഇന്ന വ്യക്തിക്ക് ഇന്ന സ്വത്ത് നൽകുക" (ബുഖാരി, മുസ്‌ലിം, അബൂദാവൂദ്, നസാഈ).

ആവശ്യക്കാരനായിരിക്കുമ്പോഴുള്ള ദാനം: അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: "പ്രവാചകരേ, ഏത് സ്വദഖയാണ് ഏറ്റവും നല്ലത്?" നബി(സ്വ) മൊഴിഞ്ഞു: "ആവശ്യക്കാരനായിരിക്കുമ്പോഴുള്ളത്. നീ നിന്റെ ബന്ധുക്കളിൽ നിന്ന് തുടങ്ങുക" (അബൂദാവൂദ്).

സ്ഥലകാലങ്ങൾക്കനുസരിച്ച് ദാനത്തിന്റെ ശ്രേഷ്ഠത കൂടും. റമദാനിൽ പ്രതിഫലം ഇരട്ടിക്കും. അതുപോലെ ഹറമിലും, വെള്ളിയാഴ്ച ദിവസവും, അത്യാവശ്യമുള്ള സമയത്തും പ്രതിഫലം ഇരട്ടിക്കുന്ന താണ്.

"പട്ടിണിയുള്ള നാളുകളിൽ ഭക്ഷണം നൽകുക" (90:14).

## ബന്ധുക്കൾക്കുള്ള ദാനത്തിന്റെ ശ്രേഷ്ഠത

ബന്ധുക്കൾക്ക് ദാനം നൽകുന്നതാണ് ഏറ്റവും ഉത്തമം, അവരാണ് അതിന് കൂടുതൽ അർഹരായത്. അടുത്തബന്ധുക്കളിൽ ആരാണോ കൂടുതൽ അർഹരായത് അവർക്ക് നൽകലാണ് മറ്റുള്ളവർക്ക് നൽകുന്നതിനെക്കാളും നല്ലത്. അനന്തരവകാശികളിൽ കൂടുതൽ അടുത്തവരാരാണോ അവരിലെ ആവശ്യക്കാരാണ് കൂടുതൽ അർഹർ.

നബി(സ്വ) പറഞ്ഞു: "അടുത്ത ബന്ധുക്കൾക്കുള്ള നിന്റെ ദാനം സ്വദഖയും കുടുംബബന്ധം ചേർക്കലുമാകുന്നു" (തിർമിദി).

സമ്പത്തിൽ സകാത്ത് കൂടാതെ ഒരുപാട് ബാധ്യതകൾ ഉണ്ട്. കുടുംബക്കാർക്ക് നൽകൽ, സഹോദരങ്ങളുമായി ബന്ധം ചേർക്കൽ, ചോദിക്കുന്നവന് നൽകൽ, ആവശ്യക്കാരന് കടം കൊടുക്കൽ, പ്രയാസപ്പെടുന്നവനെ സഹായിക്കൽ, വായ്പ നൽകൽ, വിശക്കുന്നവനെ ഭക്ഷിപ്പിക്കൽ, അതിഥിയെ സൽക്കരിക്കൽ, വസ്ത്രമില്ലാത്തവനെ ധരിപ്പിക്കൽ, ദാഹിക്കുന്നവന്റെ ദാഹം ശമിപ്പിക്കൽ മുതലായവ അവയിൽ പെട്ടതാണ്.

ഒരാൾ തന്റെ ജീവിതത്തിൽ തനിക്കും കുടുംബത്തിനും ചെലവഴിച്ചത് അവന് ഉപകാരപ്പെട്ട സമ്പത്താണ്. അതുപോലെ സകാത്തും ദാനധർമങ്ങളും നൽകിയത് സ്വന്തത്തിന് ഉപകാരപ്പെടുന്നതാണ്; ഇഹലോകത്തും പരലോകത്തും. ഈ കാര്യങ്ങളൊന്നും ശ്രദ്ധിക്കാതെ, പിശുക്കു കാണിച്ച്, ഒരുപാട് ധനം സമ്പാദിച്ചുകൂട്ടി മരണമടഞ്ഞാൽ ജീവിതകാലമത്രയും സമ്പാദിച്ച സമ്പാദ്യം ആർക്കാണ് ലഭിക്കുക, എന്തിനാണവർ അത് ഉപയോഗിക്കുക എന്നൊന്നും നമുക്കറിയില്ല. പരലോകം തന്നെ നഷ്ടപ്പെടുത്തുന്ന കാര്യങ്ങൾക്കാണ് നമ്മുടെ അനന്തരാവകാശികൾ നമ്മുടെ സ്വത്ത് ചെലവഴിക്കുന്നതതെങ്കിൽ എന്തുമാത്രം നഷ്ടമാണത് നമുക്ക്. അതുകൊണ്ട് ഇരുലോക നന്മക്കുവേണ്ടി നമ്മുടെ സമ്പത്ത് ചെലവഴിക്കുക. അങ്ങനെ നമ്മുടെ സമ്പത്തിന്റെ തണലിൽ നമുക്ക് സ്വർഗപ്രവേശനം സാധ്യമാക്കാം. ■

സമ്പത്തിൽ സകാത്ത് കൂടാതെ ഒരുപാട് ബാധ്യതകൾ ഉണ്ട്. കുടുംബക്കാർക്ക് നൽകൽ, സഹോദരങ്ങളുമായി ബന്ധം ചേർക്കൽ, ചോദിക്കുന്നവന് നൽകൽ, ആവശ്യക്കാരന് കടം കൊടുക്കൽ, പ്രയാസപ്പെടുന്നവനെ സഹായിക്കൽ, വായ്പ നൽകൽ, വിശക്കുന്നവനെ ഭക്ഷിപ്പിക്കൽ, അതിഥിയെ സൽക്കരിക്കൽ, വസ്ത്രമില്ലാത്തവനെ ധരിപ്പിക്കൽ, ദാഹിക്കുന്നവന്റെ ദാഹം ശമിപ്പിക്കൽ മുതലായവ അവയിൽ പെട്ടതാണ്.

പി.എൻ അബ്ദുല്ലത്വീഫ് മദനി



# വ്രതാനുഷ്ഠാനത്തിന്റെ കർമശാസ്ത്രം

വ്രതം വളരെ യുക്തിസഹമായ ഒരാരാധനയാണ്. മുഴുവൻ മനുഷ്യരും അനുഭവിക്കുന്ന നിരവധി അനുഗ്രഹങ്ങളുടെ ദാതാവായ സർവശക്തനുള്ള ഒരു നന്ദിപ്രകാശനമാണ് നോമ്പ്. വിഭവങ്ങൾ സുലഭമായിട്ടും ഒരു നിശ്ചിത സമയത്തേക്ക് അവ വിലക്കപ്പെടുന്നത് മൂലം നോമ്പുകാരൻ  അനുഭവിക്കുന്ന പ്രയാസങ്ങൾ ജീവിത വിഭവങ്ങൾ വളരെ ദുർലഭമായ സാഹചര്യത്തിൽ ജീവിക്കുന്ന പട്ടിണിപ്പാവങ്ങളെക്കു റിച്ച് ഓർക്കാനും സഹായഹസ്തം നീട്ടി അവരെ ചേർത്തുപിടിക്കാനും അവനെ സന്നദ്ധനാക്കും. സ്വഭാവസംസ്കരണത്തിന്റെ ഒരു വലിയ പാഠശാലതന്നെയാണ് നോമ്പ്.

മനുഷ്യപ്രകൃതിയോട് ഇണങ്ങുന്ന സവിശേഷമായ ഒരാരാധനയാണ് വ്രതം. കാലം നിർണയിക്ക പ്പെട്ടതും നിർണയിക്കപ്പെടാത്തതുമായ വ്രതമുണ്ട്. റമദാൻ മാസത്തിലെ വ്രതം കാലനിർണിതമാണ്. എന്നാൽ പിന്നീട് നോറ്റുവീട്ടേണ്ടവർക്ക് അതു ചെയ്യാൻ സമയനിർണയമില്ല. അടുത്ത റമദാൻ വരുന്നതിനു മുമ്പ് എപ്പോഴും നോൽക്കാം.

പ്രായശ്ചിത്ത നോമ്പുകൾ, ഹജ്ജുമായി ബന്ധപ്പെട്ട് വരുന്ന നോമ്പുകൾ തുടങ്ങിയവ പ്രത്യേകം സമയം നിർണയിക്കപ്പെട്ടവയല്ല. കർമശാസ്ത്രപരമായി പരിശോധിച്ചാൽ വ്രതം നാലുവിധമുണ്ട്. 1) നിർബ

സ്ഥമായവ. 2) ഐച്ഛികമായവ. 3) പാടില്ലാത്തവ. 4) അഭികാമ്യ മല്ലാത്തവ.

റമദാൻ മാസത്തിലെ നോമ്പ്, പ്രായശ്ചിത്ത നോമ്പുകൾ, നേർച്ച യാക്കിയവ, പാപപരിഹാരമായി നിർണയിക്കപ്പെട്ടവ തുടങ്ങിയ വയെല്ലാം നിർബന്ധ നോമ്പുക ളിൽ പെടും.

നിർബന്ധ നോമ്പുകളിൽത ന്നെ തുടരെ നോൽക്കേണ്ടവയു ണ്ട്. റമദാൻ മാസത്തെ നോമ്പ്, കൊലക്കുറ്റത്തിന്റെ പരിഹാരമാ യുള്ള നോമ്പ്, ഭാര്യയെ ളിഹാർ ചെയ്തവർ വീണ്ടും ഭാര്യാഭർതൃ ജീ വിതത്തിലേക്ക് തിരിച്ച് വരുമ്പോൾ അനുഷ്ഠിക്കേണ്ട നോമ്പ്, റമദാൻ മാസത്തിലെ പകൽ വേളകളിൽ ഭാര്യയുമായി ബന്ധപ്പെട്ടാലുള്ള പ്രായച്ഛിത്ത നോമ്പ് തുടങ്ങിയവ ഇടമുറിയാതെ നോറ്റുവീട്ടേണ്ട വയാണ്.

റമദാൻ മാസത്തിലെ നോമ്പ് നോറ്റുവീട്ടുമ്പോൾ ഇടമുറിയാ തെ നോൽക്കൽ നിർബന്ധമില്ല. അതുപോലെതന്നെ, ഹജ്ജിന്റെ ഇടക്കുവെച്ച് ഇഹ്റാമിൽനിന്ന് മാറി തമത്തുഅ് ആയി ഹജ്ജ് നിർവഹിക്കുന്നവർ നോൽക്കേ ണ്ടതായ നോമ്പ്, ഹജ്ജിൽ രോ ഗംമൂലം നേരത്തെ മുടിയെടു ക്കേണ്ടി വന്നവർ നോൽക്കേണ്ട നോമ്പ്, ഇഹ്റാമിൽ പ്രവേശിച്ച ശേഷം വേട്ടയാടിയവൻ പ്രായച്ഛി ത്തമായി അനുഷ്ഠിക്കുന്ന നോമ്പ് എന്നിവയും തുടരെ നോൽക്കൽ നിർബന്ധമില്ലാത്തവയാണ്. ഇപ്ര കാരം തന്നെയാണ് സത്യം ചെയ്ത ശേഷം അതിൽനിന്ന് മുക്തമാ കാൻ പരിഹാരമായി നോൽക്കു ന്ന നോമ്പും.

നിർബന്ധമല്ലാത്ത വിവിധ തരം സുന്നത്ത് നോമ്പുകളുണ്ട്. ഒന്നിടവിട്ട ദിവസങ്ങളിൽ ദാവൂദ് നബി(അ)യുടെ മാതൃകയിൽ അനുഷ്ഠിക്കുന്ന നോമ്പ്, മുഹർറം

കണ്ണിലും മൂക്കിലും ചെവിയിലുമൊക്കെ ചികിത്സാർഥം ഔഷധ ത്തുള്ളികൾ ഉറ്റിക്കുന്നതുമൂലം നോമ്പ് മുറിയുമോ? കണ്ണിൽ മരുന്ന് ഉറ്റിക്കുന്നതുമൂലം നോമ്പ് മുറിയില്ലെന്നാണ് പണ്ഡിതാ ഭിപ്രായം. എന്നാൽ മൂക്കിലും ചെവിയിലും ഒഴിക്കുന്ന ഔഷധം തൊണ്ടയിലേക്കിറങ്ങുകയും അങ്ങനെ അകത്തെത്തുകയും ചെയ്താൽ നോമ്പ് മുറിയുമെന്നാണ് ഭൂരിപക്ഷാഭിപ്രായം. ചികി ത്സക്കായി ഇഞ്ചക്ഷൻ കൊടുക്കുന്നതിനെക്കുറിച്ച് പ ണ്ഡിത ന്മാർക്കിടയിൽ വ്യത്യസ്ത അഭിപ്രായങ്ങളാണുള്ളത്. അത് ഭക്ഷണത്തിനും പാനീയത്തിനും പകരമല്ലാത്തതിനാൽ നോമ്പ് മുറിയുകയില്ല എന്നാണ് ഒരു വിഭാഗത്തിന്റെ അഭിപ്രായം. എന്നാൽ ഭക്ഷണത്തെപ്പോലെ ശരീരത്തിന് പോഷണം ലഭിക്കു ന്ന പദാർഥമാണ് കുത്തിവെക്കുന്നതെങ്കിൽ അതുമൂലം നോമ്പ് മുറിയുമെന്നാണ് പ്രബലമായ അഭിപ്രായം

ഒൻപത്, പത്ത് എന്നീ ദിവസങ്ങ ളിലെ നോമ്പ്, ശവ്വാൽ മാസത്തി ലെ ആറു നോമ്പ്, ദുൽഹിജ്ജ ഒന്നുമുതൽ ആദ്യത്തെ പത്തിൽ നോൽക്കുന്നവ, അറഫ ദിവസ ത്തെ നോമ്പ്, ഓരോ മാസത്തി ലും മൂന്നു ദിവസം അനുഷ്ഠിക്കുന്ന നോമ്പ്, ശഅ്ബാൻ മാസത്തിലെ നോമ്പ്, അതുപോലെ പ്രത്യേകി ച്ച് ഒരു ദിവസവുമായി ബന്ധപ്പെ ടാത്ത; അല്ലാഹുവിന്റെ പ്രീതി ആഗ്രഹിച്ച് ഒരാൾ അനുഷ്ഠിക്കു ന്ന പൊതുവായ നോമ്പ് തുടങ്ങി യവ നിർബന്ധമില്ലാത്തവയും എന്നാൽ അനുഷ്ഠിക്കുന്നപക്ഷം വർധിച്ച പ്രതിഫലം വാഗ്ദത്തം ചെയ്യപ്പെട്ടവയുമാണ്.

എന്നാൽ ചില നോമ്പുകൾ അഭികാമ്യമല്ലാത്തതും ഒഴിവാക്ക പ്പെടേണ്ടവയുമാണ്. ചില ഉദാഹ രണങ്ങൾ പറയാം:

സ്വുബ്ഹി മുതൽ സൂര്യാസ്തമ യം വരെയാണ് നോമ്പിന്റെ നിർ ണിത സമയം. എന്നാൽ മഗ്രി



ബ് ആയിട്ടും നോമ്പ് മുറിക്കാതെ അടുത്ത ദിവസത്തേക്കും നോമ്പ് നീണ്ടുപോകുന്നതിന് വിസ്വാൽ എന്നു പറയും.

വെള്ളിയാഴ്ച മാത്രമായി അനുഷ്ഠിക്കുന്ന നോമ്പ്. പ്രവാചക പത്നി ജുവൈരിയ(റ) വെള്ളിയാഴ്ച നോമ്പു പിടിച്ചത് ശ്രദ്ധയിൽപെട്ട പ്രവാചകൻ(സ്വ) നീ ഇന്നലെ നോറ്റിരുന്നോ എന്ന് ചോദിച്ചു. ഇല്ലെന്ന് മറുപടി പറഞ്ഞപ്പോൾ നാളെ നോൽക്കാൻ ഉദ്ദേശമുണ്ടോ എന്ന് തിരക്കി. ഇല്ലെന്നുതന്നെ മറുപടി പറഞ്ഞപ്പോൾ ആ നോമ്പ് പൂർത്തിയാക്കാതെ ഇടക്കുവെച്ച് അവസാനിപ്പിക്കാൻ പ്രവാചകൻ(സ്വ) ഭാര്യയോട് ആവശ്യപ്പെട്ടു. അതുപോലെ ഒരു ഇടവേളയുമില്ലാതെ എല്ലാ ദിവസവും നോമ്പനുഷ്ഠിക്കുന്നതിനെയും ഇസ്‌ലാം വിലക്കിയിട്ടുണ്ട്. തുടരെ എല്ലാ ദിവസവും നോമ്പ് നോൽക്കുന്നവന് നോമ്പില്ല എന്നാണ് പ്രവാചകൻ (സ്വ) പറഞ്ഞത്.

നോമ്പ് തീരെ പാടില്ലാത്ത ദിവസങ്ങളുണ്ട്. രണ്ട് പെരുന്നാൾ ദിവസങ്ങൾ, ദുൽഹിജ്ജ 11,12,13, അഥവാ അയ്യാമുത്തശ്‌രീക് എന്നറിയപ്പെടുന്ന ദിവസങ്ങൾ, ശഅ്ബാൻ മുപ്പതാം ദിവസം അഥവാ മാസപ്പിറവി നടന്നോ എന്ന് സംശയിക്കപ്പെടുന്ന ശക്കിന്റെ ദിവസം... ഇവയെല്ലാം വ്രതമനുഷ്ഠിക്കാൻ പാടില്ലാത്ത ദിവസങ്ങളാണ്. അതുപോലെ ഹജ്ജ് ചെയ്യുന്നവൻ അറഫ ദിവസം നോമ്പെടുക്കാൻ പാടില്ല.

യാത്രക്കാരന് നോമ്പ് ഒഴിവാക്കാൻ അനുവാദമുണ്ട്. എന്നാൽ യാത്ര മതപരമായി അനുവദിക്കപ്പെട്ട കാര്യങ്ങൾക്കാവണം. ഗർഭിണിക്കും കുഞ്ഞുങ്ങൾക്ക് മുലപ്പാൽ കൊടുക്കുന്ന സ്ത്രീകൾക്കും പ്രയാസങ്ങൾ കണക്കിലെടുത്ത് നോമ്പ് ഒഴിവാക്കാൻ അനുവാദമുണ്ട്. ആർത്തവകാരികൾക്ക് നോമ്പനുഷ്ഠിക്കാവതല്ല. എന്നാൽ ആ കാലത്തെ നോമ്പ് പിന്നീട് നോറ്റുവീട്ടണം. എന്നാൽ ആർത്തവകാലത്തെ നമസ്കാരം പിന്നീട് നമസ്കരിച്ച് വീട്ടേണ്ടതില്ല.

രോഗിയുടെയും പ്രായാധിക്യത്തിലെത്തിയവരുടെയും നോമ്പിന്റെ വിധികൾ കർമശാസ്ത്ര ഗ്രന്ഥങ്ങളിൽ കാണാം. ശമനം പ്രതീക്ഷയില്ലാത്ത നിത്യരോഗിയാണെങ്കിൽ നോമ്പ് ഒഴിവാക്കാം. സാധിച്ചാൽ അയാൾ നോറ്റുവീട്ടണം. ഇല്ലെങ്കിൽ നഷ്ടപ്പെട്ട ഓരോ നോമ്പിനും പകരം ഒരു അഗതിക്ക് ആഹാരം കൊടുക്കണം. എന്നാൽ ശമനം പ്രതീക്ഷിക്കപ്പെടുന്ന രോഗമാണെങ്കിൽ രോഗശമനം വന്ന ശേഷം നഷ്ടപ്പെട്ട നോമ്പുകൾ നോറ്റുവീട്ടണം. അതുപോലെ വാർധക്യസഹജമായ അവശത അനുഭവിക്കുന്നവർക്കും നോമ്പ് നോൽക്കാതിരിക്കാൻ അനുവാദമുണ്ട്. എന്നാൽ നഷ്ടപ്പെടുന്ന ഓരോ നോമ്പിനും പകരം ഒരഗതിക്കുള്ള ആഹാരം കൊടുക്കണം.

കണ്ണിലും മൂക്കിലും ചെവിയിലുമൊക്കെ ചികിത്സാർഥം ഔഷധത്തുള്ളികൾ ഉറ്റിക്കുന്നതുമൂലം നോമ്പ് മുറിയുമോ? കണ്ണിൽ മരുന്ന് ഉറ്റിക്കുന്നതുമൂലം നോമ്പ് മുറിയില്ലെന്നാണ് പണ്ഡിതാഭിപ്രായം. എന്നാൽ മൂക്കിലും ചെവിയിലും ഒഴിക്കുന്ന ഔഷധം തൊണ്ടയിലേക്കിറങ്ങുകയും അങ്ങനെ അകത്തെത്തുകയും ചെയ്താൽ നോമ്പ് മുറിയുമെന്നാണ് ഭൂരിപക്ഷാഭിപ്രായം.

ചികിത്സക്കായി ഇഞ്ചക്ഷൻ കൊടുക്കുന്നതിനെക്കുറിച്ച് പണ്ഡിതന്മാർക്കിടയിൽ വ്യത്യസ്ത അഭിപ്രായങ്ങളാണുള്ളത്. അത് ഭക്ഷണത്തിനും പാനീയത്തിനും പകരമല്ലാത്തതിനാൽ നോമ്പ് മുറിയുകയില്ല എന്നാണ് ഒരു വിഭാഗത്തിന്റെ അഭിപ്രായം. എന്നാൽ ഭക്ഷണത്തെപ്പോലെ ശരീരത്തിന് പോഷണം ലഭിക്കുന്ന പദാർഥമാണ് കുത്തിവെക്കുന്നതെങ്കിൽ അതുമൂലം നോമ്പ് മുറിയുമെന്നാണ് പ്രബലമായ അഭിപ്രായം. നോമ്പനുഷ്ഠിക്കുമ്പോൾ രക്തം സ്വീകരിക്കുന്നതിനെക്കുറിച്ചും അഭിപ്രായ ഭിന്നതയുണ്ട്. രക്തം ആഹാരത്തിൽനിന്ന് ഉരുത്തിരിയുന്നതായതിനാൽ അതുകൊണ്ട് നോമ്പ് മുറിയും എന്ന അഭിപ്രായക്കാരുണ്ട്. എന്നാൽ രക്തം സ്വീകരിക്കുന്നത് പോഷണത്തിന് വേണ്ടിയല്ല, രോഗശമനത്തിന്റെ ഭാഗമാണ്. അത് ഭക്ഷണമോ പാനീയമോ അല്ല എന്ന് പറഞ്ഞവർ രക്തം സ്വീകരിക്കുന്നതുകൊണ്ട് നോമ്പ് മുറിയുകയില്ല എന്ന് വിധിക്കുന്നു. ഡയാലിസിസ് ചെയ്യുന്ന രോഗികളുടെ നോമ്പ് മുറിയുമെന്നാണ് പണ്ഡിതാഭിപ്രായം. രോഗിയുടെ ഉള്ളിൽ ചെല്ലുന്ന പദാർഥങ്ങൾ നോമ്പിനെ കുഴപ്പത്തിലാക്കും.

വ്രതം വളരെ യുക്തിസഹമായ ഒരാരാധനയാണ്. മുഴുവൻ മനുഷ്യരും അനുഭവിക്കുന്ന നിരവധി അനുഗ്രഹങ്ങളുടെ ദാതാവായ സർവശക്തനുള്ള ഒരു നന്ദിപ്രകാശനമാണ് നോമ്പ്. വിഭവങ്ങൾ സുലഭമായിട്ടും ഒരു നിശ്ചിത സമയത്തേക്ക് അവ വിലക്കപ്പെടുന്നത് മൂലം നോമ്പുകാരൻ അനുഭവിക്കുന്ന പ്രയാസങ്ങൾ ജീവിത വിഭവങ്ങൾ വളരെ ദുർലഭമായ സാഹചര്യത്തിൽ ജീവിക്കുന്ന പട്ടിണിപ്പാവങ്ങളെക്കുറിച്ച് ഓർക്കാനും സഹായഹസ്തം നീട്ടി അവരെ ചേർത്തുപിടിക്കാനും അവനെ സന്നദ്ധനാക്കും. സ്വഭാവ സംസ്കരണത്തിന്റെ ഒരു വലിയ പാഠശാലതന്നെയാണ് നോമ്പ്. നാവിനെയും മറ്റു അവയവങ്ങളെയും തെറ്റിൽനിന്ന് മാറ്റിനിർത്താൻ ഒരു നല്ല അവസരമാണ് വ്രതാനുഷ്ഠാനം ഒരുക്കുന്നത്.




# റമദാനിലെ ഗ്രീൻ പ്രോട്ടോകോൾ: മഹല്ലുകൾക്ക് ഒരു മാർഗരേഖ

പരിശുദ്ധ റമദാനിൽ പള്ളികളിലും സ്ഥാപനങ്ങളിലും-പ്രത്യേകിച്ച് നോമ്പുതുറയുമായി ബന്ധപ്പെട്ട്- ഹരിതചട്ടപാലനം (ഗ്രീൻ പ്രോട്ടോക്കോൾ) നടപ്പിലാക്കാൻ നമുക്ക് ശ്രമിക്കാം. റമദാനിലെ ഓരോ നോമ്പും അത്തരത്തിൽ പരിസ്ഥിതി സൗഹൃദമാക്കുന്നതിൽ മഹല്ലുകൾക്ക് സുപ്രധാനമായ പങ്കാണ് നിർവഹിക്കാനുള്ളത്. ചില നിർദേശങ്ങൾ:

ഡിസ്പോസിബിൾ വസ്തുക്കളുടെ ഉപയോഗം പരമാവധി ഒഴിവാക്കുകയും മാലിന്യങ്ങൾ രൂപപ്പെ ടുന്നതിന്റെ അളവ് പരമാവധി കുറക്കുകയും ചെയ്യുക. നോമ്പുതുറയും അതിന്റെ ഒരുക്കങ്ങളും ആ രൂപത്തിൽ നേരത്തെ പ്ലാൻ ചെയ്യാം.

നോമ്പുതുറക്ക് ആഹാര പാനീയങ്ങൾ വിതരണം ചെയ്യുന്നതിന് കഴുകി ഉപയോഗിക്കാൻ കഴിയുന്ന സ്റ്റീൽ, ചില്ല്, മണ്ണ്, സെറാമിക്സ് എന്നിവ കൊണ്ട് ഉണ്ടാക്കിയ ഗ്ലാസ്സുകളും പാത്രങ്ങളും സജ്ജീകരിക്കണം.

ആവശ്യാനുസരണം കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾ മഹല്ല് കമ്മിറ്റികൾ നേരിട്ടോ വിശ്വാസികളിൽനിന്നും സംഭാവനയായോ സ്പോൺസർഷിപ്പിലൂടെയോ വാങ്ങി സൂക്ഷിക്കണം.

നോമ്പുതുറ, ഇഫ്ത്വാർ, പെരുന്നാൾ ആഘോഷം എന്നിവയോടനുബന്ധിച്ചുള്ള ഭക്ഷണപ്പൊതി വിതരണം വാഴയില/പേപ്പർവാഴയില പോലുള്ള പ്രകൃതി സൗഹൃദ വസ്തുക്കളിലാക്കണം.

പഴവർഗങ്ങൾ, ലഘുഭക്ഷണങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിന് ചെറിയ പാത്രങ്ങൾ/ സോസറുകൾ ആവശ്യാനുസരണം സജ്ജീകരിക്കുക.

ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ച് നിക്ഷേപിക്കുന്നതിന് ആവശ്യമായ സംവിധാനമൊരുക്കുക. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉണ്ടെങ്കിൽ അവ റീസൈക്കിൾ ചെയ്യാൻ കഴിയുന്ന സംവിധാനങ്ങളുമായി ബന്ധപ്പെടുക.

ഭക്ഷണാവശിഷ്ടങ്ങൾ യഥാസ്ഥാനങ്ങളിൽതന്നെ നിക്ഷേപിക്കുവാൻ നിർദേശം നൽകുക. (ഈത്തപ്പഴക്കുരു, പഴങ്ങളുടെ കുരു, തണ്ണിമത്തന്റെ പുറംതോട്, ഉപയോഗിച്ച നാരങ്ങ തുടങ്ങിയവ).

അലുമിനിയം ഫോയിൽകൊണ്ടുള്ള കണ്ടയ്നറുകൾ കഴിവതും ഒഴിവാക്കുക.

ഭക്ഷണമാലിന്യം ശേഖരിച്ച് അതാത് ഇടങ്ങളിൽ മാലിന്യക്കുഴി നിർമിച്ച് അതിൽ നിക്ഷേപിച്ചു വളമാക്കി മാറ്റുവാൻ ശ്രമിക്കണം.

പ്രചാരണ പരിപാടികൾക്ക് ഫ്ളക്സ് ഒഴിവാക്കി പ്രകൃതി സൗഹൃദ ബാനറുകൾ ശീലമാക്കണം.

നിരോധിത പ്ലാസ്റ്റിക് വസ്തുക്കളും ഡിസ്പോസിബിൾ വസ്തുക്കളും പൂർണമായും ഒഴിവാക്കണം.

ആഹാരശേഷം പാത്രങ്ങൾ ഉപയോഗിക്കുന്നവർതന്നെ കഴുകി വയ്ക്കാൻ നിർദേശിക്കാവുന്നതാണ്.

വീട്ടിലേക്ക് ഭക്ഷണം വിതരണം ചെയ്യുന്നുണ്ടെങ്കിൽ പാത്രങ്ങൾ കൊണ്ടുവരാൻ നിർദേശിക്കുക.

പരിസ്ഥിതി സംരക്ഷണത്തിനും ഭക്ഷണവും വെള്ളവുമടക്കമുള്ളവയുടെ മിതമായ ഉപയോഗത്തിനും ഇസ്ലാം നൽകിയ പ്രാധാന്യവും അതിന്റെ ഗൗരവവും മനസ്സിലാക്കുവാൻ നോമ്പിന്റെ തുടക്കം മുതലേ കൃത്യമായ ബോധവൽക്കരണം നൽകുക.

**-വിസ്ഡം ഹെൽത്ത് കെയർ വിംഗ്**

വ്യവസ്ഥാപിത
മതപഠനത്തിന്റെ
പത്ത് വർഷങ്ങൾ...!!



SCHOOL OF
Qur'an

جامعة الهند الإسلامية
JAMIA AL-HIND AL-ISLAMIYYA

## രജിസ്ട്രേഷൻ ആരംഭിച്ചു

### സവിശേഷതകൾ

- ഖുർആൻ പഠനത്തിന് പ്രത്യേക ഫോർമുല
- തജ്‌വീദിന് പരിശീലനം സിദ്ധിച്ച അധ്യാപകർ
- ഹദീഥ്, അറബി, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം എന്നിവയിൽ പഠനം
- അൽ ക്വാഇദത്തുന്നൂറാനിയ്യയുടെ സമ്പൂർണ കോഴ്സ്
- നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- 12 ഭാഷകളിലായി സൗജന്യ ക്വുർആൻ മൊബൈൽ ആപ്ലിക്കേഷൻ – നൂർ ആപ്പ്
- രക്ഷിതാക്കൾക്കായി വ്യവസ്ഥാപിത രൂപത്തിലുള്ള ഹോം സ്കൂളിംഗ്
- എല്ലാ മാസവും പാരന്റ്സ് ക്ലാസുകൾ, വീഡിയോ ലക്ചറിംഗ്, ഇവാലുവേഷൻ
- ഫോളോപ്പിനായി സ്റ്റഡി ട്രാക്കറുകൾ
- കേന്ദ്രീകൃത ഖുർആൻ മൂല്യനിർണയം
- 18 വർഷം നീണ്ടുനിൽക്കുന്ന തുടർപഠന സൗകര്യം
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- ഓഡിയോ വിഷ്വൽ ക്ലാസ് റൂമുകൾ
- നിരന്തര, കേന്ദ്രീകൃത മൂല്യനിർണയം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ
- സാധാരണക്കാരെ പരിഗണിക്കുന്ന കുറഞ്ഞ ഫീസ് നിരക്കുകൾ
- കേരളത്തിലും തമിഴ്നാട്ടിലുമായി 40ൽ അധികം സെന്ററുകൾ

**കൂടുതൽ വിവരങ്ങൾക്ക്: +91 8606788882, 9072646000**
**സന്ദർശിക്കുക: www.schoolofquran.in**

☆ നാല് മുതൽ അഞ്ചര വയസ് വരെയുള്ളവർക്ക് പ്രീ സ്കൂളിലേക്ക് പ്രവേശനം

☆ ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് ഗ്രേഡ് ഒന്നിലേക്ക് പ്രവേശനം

☆ 2,3 ഗ്രേഡിലേക്ക് എൻട്രൻസ് പരീക്ഷയിലൂടെ നേരിട്ട് അഡ്മിഷൻ

☆ ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം ഫിസിക്കൽ ക്ലാസുകൾ

☆ അപേക്ഷകർ മുകളിലുള്ള QR CODE സ്കാൻ ചെയ്ത് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് അപേക്ഷാഫോം പൂരിപ്പിക്കുക.

KASARAGODE: 8089192273 | KANHANGAD: 9605210101 | THALIPARMBA: 8606776770 | KINAVAKKAL: 99953 34766 | VADAKARA: 9995494598 | KAPPAD: 9846808230 | PARAPPANAGADI: 9544924596 | TIRUR: 9633099992 | THOTTASSERIYARA: 8606600555 | CHATTIPARAMBA: 9496526220 | KOTTAKKAL: 9995798755 | EDATHANATTUKARA: 9495467259 | MANJERI: 9846872999 | AREEKODE: 9447926082 | VENGIDANGU: 9048869220 | MARANCHERY: 9946739215 KOLLAM: 80895 46729 | KAYAMKULAM: 89434 64478 | ATTINGAL: 9497714521 | KODUVAYUR: 9745287883 | KOLLAYIL: 9747258263 | OTHAYI : 9497 650100 PALAPPETTY : 9207942750 | KANNANALLOOR : 9961493999 | COIMBATORE: 9080475224 | ERODE: 9942958888 | SALEM : 9865167864 | METTUPALAYAM: 8300886551 | POLLACHI : 9940838413 | UDAMALPET : 9865051917


**Head Office:** Jamia Al-Hind Al-Islamiyya | Wadi Al Hikma | Jamia Campus | Mini Ootty | Oorakam
Malappuram | Kerala | India | PIN 676519 | Mob: +91 8606788882 | WhatsApp: 9072646000
mail@schoolofquran.in www.schoolofquran.in

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
16 MARCH 2024

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM students



12 Years of Colourful Smiles

# ഈദ് കിസ്‌വ

കുഞ്ഞുടുപ്പിൽ
നിറയും നറു പുഞ്ചിരി
പാവപ്പെട്ട ഒരു കുട്ടിക്ക് പെരുന്നാൾ
പുതുവസ്ത്രം നൽകാൻ
ഒരു ഓഹരി
നമുക്കും മാറ്റിവെക്കാം...

ഒരു കുട്ടിക്ക്
₹1300/-

പണം അയക്കേണ്ട അക്കൗണ്ട് വിവരങ്ങൾ

| | |
|---|---|
| Bank Name | AXIS BANK |
| Customer Name | WISDOM ISLAMIC ORGANIZATION EDIFICE |
| Account No. | 921010054119382 |
| Branch | Kozhikode |
| IFSC Code | UTIB0000136 |

SCAN & PAY

റസിപ്റ്റിനും
കൂടുതൽ
വിവരങ്ങൾക്കും
7560 902 902

Wisdom Islamic Students Organization • CV Complex, PV Swami Road, Kozhikode